

VOL NO: 10 I ISSUE 35

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 AUGUST 29 I ₹10

ലോകത്തിലെ സകല അധാർമികതകൾക്കും ദാർശനിക പരിവേഷം നൽകി, മനുഷ്യാവകാശത്തിന്റെ അപ്പോസ്തലന്മാരായി സ്വയം അവരോധിതരായവരാണ് നാസ്തികർ. എന്നാൽ മൂല്യവും അവകാശവും നിർവചിക്കാനുള്ള ധാർമികതയുടെ അളവുകോലുകൾ നിശ്ചയിക്കുന്നിടത്ത് എന്ത് മാനദണ്ഡമാണ് നാസ്തികർക്ക് മുന്നോട്ട് വെക്കാനുള്ളത് എന്ന ചോദ്യം പ്രസക്തമാണ്.

## മനുഷ്യാവകാശവും നാസ്തികരും

**വസ്ത്രം മറയ്ക്കാനുള്ളതാണ്, മറക്കാനുള്ളതല്ല**

**ചുവരുകൾക്കല്ല, മാറ്റം വേണ്ടത് വീടകങ്ങളിലാണ്**

**ഖാൻഖാഹുകളുടെ രൂപീകരണം**

**റൈഹാൻ ഷഹീദ് • മുഹമ്മദ് ഫയാസ് നാദാപുരം • ഡോ. റാഫി ചെമ്പ്ര**




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

501

നേർപഥം വാരിക

2026 ആഗസ്റ്റ് 29
1448 റബീഉൽ അവ്വൽ 16
പുസ്തകം 10 / ലക്കം 35






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




റൈഹാൻ ഷഹീദ്

ലോകത്തിലെ സകല അധാർമികതകൾക്കും ദാർശനിക പരിവേഷം നൽകി, മനുഷ്യാവകാശ ത്തിന്റെ അപ്പോസ്തലന്മാരായി സ്വയം അവരോ ധിതരായവരാണ് നാസ്തികർ. എന്നാൽ മൂല്യവും അവകാശവും നിർവചിക്കാനുള്ള ധാർമികതയുടെ അളവുകോലുകൾ നിശ്ചയിക്കുന്നിടത്ത് എന്ത് മാനദണ്ഡമാണ് നാസ്തികർക്ക് മുന്നോട്ട് വെക്കാനുള്ളത് എന്ന ചോദ്യം പ്രസക്തമാണ്.


**05** മുഖമൊഴി
ഇസ്‌ലാമും വ്യക്തിവിശുദ്ധിയും

**06** ലേഖനം
മുഹമ്മദ് നബി(സ്വ)-ഖദീജ(റ); ഉദാത്ത ദാമ്പത്യത്തിന്റെ മനോഹര മാതൃക
ഡോ. സി മുഹമ്മദ് റാഫി ചെമ്പ്ര

**18** പഠനം
ശീഇകളിലെ വിഭാഗങ്ങൾ
ഡോ. ടി. കെ. യൂസുഫ്

**21** നമുക്കുചുറ്റും
വാക്കുകൾ സൂക്ഷിക്കുക
നൗഫൽ ചെറുമുക്ക്

**22** കുടുംബപഥം
വസ്ത്രം മറയ്ക്കാനുള്ളതാണ്, മറക്കാനുള്ളതല്ല
ഷജീന സ്വലാഹിയ്യ

**24** ആരോഗ്യപഥം
ഋതുമതിയാകുമ്പോൾ
ഡോ. റഫീദ കെ.

**26** ലേഖനം
ഖാൻഖാഹുകളുടെ രൂപീകരണം
മുഹമ്മദ് ഫയാസ്, നാദാപുരം

**29** പാരന്റിംഗ്
ചുവരുകൾക്കല്ല, മാറ്റം വേണ്ടത് വീടകങ്ങളിലാണ്
റോഷൻ പുനലൂർ

**31** കവിത
ത്രിവർണം
സീനത്ത് അലി, എടത്തനാട്ടുകര

**32** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ബാലപഥം
വായിച്ചു വളരാം
ജമീല ചങ്ങരംകുളം



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# നബിദിന പിരിവ്!

മഗ്‌രിബ് ബാങ്കുവിളി കേട്ട് അൽപസമയമായപ്പോൾ നമസ്കാരത്തിനായി അംഗശുദ്ധി വരുത്തി അകത്തേക്കു കയറുന്ന സമയത്താണ് നബിദിനാഘോഷത്തിന് പിരിവു ചോദിച്ചുകൊണ്ട് ഒരു സംഘം മുറ്റത്തെത്തിയത്. 16നും 20നും മധ്യെ പ്രായമുള്ള ആറു പേർ.

അവരുടെ പക്കൽ ചെറിയൊരു റസീപ്റ്റു ബുക്കുണ്ട്. നബി(സ)യോടുള്ള സ്നേഹവും ആവേശവും നിറച്ച് അവർ നബിദിനാഘോഷത്തിനായി പണം ചോദിച്ചു. ബാങ്കു കൊടുത്തിട്ട് ഏതാനും മിനുട്ടുകളേ ആയിട്ടുള്ളൂ. തൊട്ടടുത്ത വീടുകളിലൊക്കെ പിരിവെടുത്താണ് അവർ ഇവിടെ എത്തിയിട്ടുള്ളത്. അവർ നമസ്കരിച്ചിട്ടുണ്ടാവില്ലെന്നുറപ്പ്.

ഞാൻ അവരോട് 'നിങ്ങൾ മഗ്‌രിബ് നമസ്കരിച്ചോ' എന്നു സ്നേഹത്തോടെ തിരക്കി. ഇല്ലെന്നു തലയാട്ടിക്കൊണ്ട് അവർ പരസ്പരം നോക്കി. ആ മറുപടി കേട്ടപ്പോൾ ഞാൻ പറഞ്ഞു: 'നബിയോടുള്ള സ്നേഹമെന്നത്, അവിടുന്ന് നമ്മെ പഠിപ്പിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തുമ്പോഴാണ് പൂർണമാകുന്നത്. പരലോകത്ത് കർമങ്ങളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്ന നമസ്കാരം കൃത്യസമയത്ത് നിർവഹിക്കാനാണ് നബി(സ) നമ്മോട് കൽപിച്ചിട്ടുള്ളത്. അവിടുന്ന് പഠിപ്പിച്ച കാര്യങ്ങൾ മാറ്റിവെച്ച്, പഠിപ്പിച്ചിട്ടില്ലാത്ത, സ്വഹാബികളിൽ മാതൃകയില്ലാത്ത ആഘോഷങ്ങൾക്കുവേണ്ടി പണം ചോദിച്ച് നടക്കുന്നത് ശരിയായ രീതിയല്ല.'

എന്റെ വാക്കുകൾ കേട്ട് അവർ അൽപനേരം നിശ്ശബ്ദരായി നിന്നു. പിന്നെ തലയും താഴ്ത്തി തിരിച്ചു നടന്നു; ഒന്നും പറയാതെ. പ്രവാചക സ്നേഹം എന്നത് അവിടുന്ന് കാണിച്ചുതന്ന ജീവിതചര്യ പിന്തുടരലാണ് എന്ന് അവരിൽ ഒരാൾക്കെങ്കിലും ബോധ്യപ്പെട്ടെങ്കിൽ എന്ന ആഗ്രഹത്തോടെ ഞാൻ അകത്തേക്കു കയറി.

**-ശാക്കിറ ടി.കെ കൊല്ലം**

# സ്ത്രീകളും ജമാഅത്തും

സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രതിഫലം ലഭിക്കുന്ന ആരധനകളാണ് ഇസ്‌ലാമിലുള്ളത്. പുരുഷന് കർമങ്ങൾ ചെയ്യാൻ കിട്ടുന്നത്രയും അവസരം ഒരു സ്ത്രീക്ക് കിട്ടാൻ സാധ്യതയില്ല. കാരണം അവരെ ബാധിക്കുന്ന ആർത്തവം പ്രസവം എന്നിവ തന്നെ.

എന്നിട്ടും തനിക്കു ലഭിക്കുന്ന അവസരങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്താൻ അധിക സ്ത്രീകളും ശ്രമിക്കാറില്ല എന്നതാണു സത്യം; പ്രത്യേകിച്ചു ജമാഅത്ത് നമസ്കാരത്തിന്റെ കാര്യം. അഞ്ചുനേരം പള്ളിയിൽ പോയി ജമാഅത്തിൽ പങ്കെടുക്കുക എന്നത് സ്ത്രീക്ക് സാധ്യമല്ല. എന്നാൽ വീട്ടിൽവച്ച് ഒറ്റക്കു നമസ്കരിക്കാതെ മക്കളെ കൂട്ടി നമസ്കരിക്കാമല്ലോ. അതിന് ജമാഅത്ത് നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുമെന്ന് പണ്ഡിതന്മാർ പറയുന്നു. പക്ഷേ, ഇതൊന്നും ആരും ശ്രദ്ധിക്കാറില്ല. ഒരു വീട്ടിൽ നാലു സ്ത്രീകളുണ്ടെങ്കിൽ നാലുപേരും പല സമയത്തായി നമസ്കരിക്കുന്ന കാഴ്ചയാണു കാണാൻ സാധിക്കുന്നത്. എന്തുകൊണ്ട് അവർക്ക് ഒന്നിച്ചു നമസ്കരിച്ചുകൂടാ?

സുന്നത്തായ നോമ്പിനും നമസ്കാരത്തിനുമൊക്കെ ഏറെ പ്രാധാന്യം കൽപിക്കുന്ന സ്ത്രീകൾ പോലും ജമാഅത്തു നമസ്കാരത്തെ അവഗണിക്കുന്നു. സ്വർഗത്തിലെ ഉന്നത പദവികൾ പുരുഷന്മാർക്കു മാത്രമുള്ളതല്ല. സ്ത്രീകൾക്കും അവ കരസ്ഥമാക്കാം; അതിനായി ആരാധനകളിൽ പരമാവധി താൽപര്യം കാണിക്കുക.

**-സുലൈഖ, വാണിയമ്പലം**

# ഇസ്‌ലാമും വ്യക്തിവിശുദ്ധിയും

ബാഹ്യമായ ശുചിത്വത്തിനപ്പുറം മനസ്സിന്റെയും ചിന്തയുടെയും പ്രവൃത്തികളുടെയും ശുദ്ധീകരണത്തിന് അതീവ പ്രാധാന്യമാണ് ഇസ്‌ലാം നൽകുന്നത്. 'തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെയും ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു' എന്ന ക്വുർആൻ സൂക്തവും, 'ശുചിത്വം ഈമാനിന്റെ (വിശ്വാസത്തിന്റെ) പകുതിയാണ്' എന്ന പ്രവാചക വചനവും ഇസ്‌ലാമിൽ വ്യക്തിവിശുദ്ധിക്ക് നൽകിയിട്ടുള്ള ഉയർന്ന പദവി വ്യക്തമാക്കുന്നു.

വ്യക്തിവിശുദ്ധി എന്നതിൽ ശരീരത്തിന്റെയും മനസ്സിന്റെയും പ്രവൃത്തികളുടെയും ശുദ്ധി ഉൾപ്പെടുന്നു. നമസ്കാരത്തിനു മുന്നോടിയായുള്ള വുദൂഅ് (അംഗസ്നാനം), കുളി, വൃത്തിയുള്ള വസ്ത്രധാരണം പോലുള്ളവ ശരീരത്തിന്റെ ശുചിത്വത്തിൽ പെടുന്നു. ഇതുവഴി ഭൗതികമായ വൃത്തി ഉറപ്പുവരുത്തുന്നു.

അസൂയ, അഹങ്കാരം, വിദ്വേഷം, വഞ്ചന തുടങ്ങിയ; മനസ്സിനെ ബാധിക്കുന്ന തിന്മകളിൽനിന്ന് മനസ്സിനെ മുക്തമാക്കലാണ് മാനസിക വിശുദ്ധി. ഒരു സത്യവിശ്വാസിയുടെ അന്തരംഗവും ബാഹ്യരംഗവും ഒരുപോലെ വിശുദ്ധമായിരിക്കണമെന്നർഥം.

ആരാധനാകർമങ്ങൾ സ്രഷ്ടാവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ചുകൊണ്ട് ആത്മാർഥമായി ചെയ്യലും, ഹലാലായ (അനുവദനീയമായ) സമ്പാദ്യം, സത്യസന്ധമായ സംസാരം, വിശ്വസ്തത, കാപട്യമില്ലാത്ത പെരുമാറ്റം മുതലായവയിലൂടെ അല്ലാഹുവിന് തൃപ്തികരമായ രീതിയിൽ കർമങ്ങൾ ചെയ്യലാണ് പ്രവൃത്തികളിൽ വിശുദ്ധി പാലിക്കൽ. ഏകനായ സ്രഷ്ടാവിൽ പങ്കു ചേർക്കുക എന്ന കൊടിയ തിന്മയിൽനിന്നും മുക്തമായാലേ മനസ്സും കർമങ്ങളുമെല്ലാം വിശുദ്ധമായിത്തീരൂ എന്ന കാര്യം ഓർക്കുക.

വ്യക്തിയിൽ ആരംഭിക്കുന്ന വിശുദ്ധിയാണ് സമൂഹത്തിന്റെ സുരക്ഷിതത്വത്തിനും സമാധാനത്തിനും അടിസ്ഥാനം. ഓരോ വ്യക്തിയും സ്വന്തം ചിന്തകളിലും ഇടപാടുകളിലും കാത്തുസൂക്ഷിക്കുന്ന ശുദ്ധതയാണ് ചൂഷണങ്ങളും അനീതിയുമില്ലാത്ത, നന്മയുള്ള സമൂഹത്തെ വാർത്തെടുക്കുന്നത്. നാവിനെയും കരങ്ങളെയും മറ്റ് അവയവങ്ങളെയും തിന്മകളിൽനിന്നു സംരക്ഷിക്കുകയും, സർവോപരി പടച്ചവന്റെ നിരീക്ഷണത്തിലാണെന്ന ബോധത്തോടെ (തക്‌വയോടെ) ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമാണു വ്യക്തിവിശുദ്ധി പൂർണമാകുന്നത്.

വ്യക്തിവിശുദ്ധി കാത്തുസൂക്ഷിക്കുക എന്നത് ഒരു വിശ്വാസിയുടെ ആത്മീയവും സാമൂഹികവുമായ ബാധ്യതയാണ്. അതിലൂടെ മാത്രമെ ഇരുലോകത്തും വിജയം കൈവരിക്കാൻ മനുഷ്യന് സാധിക്കൂ. ഇസ്‌ലാമിക നിയമങ്ങളും നിർദേശങ്ങളും പ്രഥമമായി വ്യക്തിയെയാണ് ബാധിക്കുന്നത്. വ്യക്തി ഒരിക്കലും സമൂഹത്തിനു വേണ്ടി തന്റെ വിശുദ്ധി നഷ്ടപ്പെടുത്തിക്കൂടാ. സമൂഹത്തിന്റെ ഒഴുക്കിനനുസരിച്ച് നീന്തുവാൻ സത്യവിശ്വാസിക്ക് പാടില്ല. എല്ലാവരും നന്മയിലാണെങ്കിൽ ആ വഴിക്കു നീങ്ങാം. എന്നാൽ തിന്മകളിൽ വിഹരിക്കുന്നവരുണ്ടെങ്കിൽ അവരുടെ കൂടെ കൂടി അവർക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ അനുവാദമില്ല. തിന്മകൾക്കെതിരെ നീന്തുവാൻ അവന് സാധിക്കണം.

"വിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുകൊള്ളുക. നിങ്ങൾ സന്മാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല..." (ക്വുർആൻ 5:105).

അവനവന്റെ പാപഭാരം അവനവൻ തന്നെ വഹിക്കേണ്ടിവരും. പരലോകത്ത് 'ഒരു കൈ' സഹായത്തിന് ഒരാളെയും പ്രതീക്ഷിക്കേണ്ടതില്ല:

"...പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും, മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല എന്നും, അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യം" (ക്വുർആൻ 53: 38-40).



# മുഹമ്മദ് നബി(സ്വ)-ഖദീജ(റ); ഉദാത്ത ദാമ്പത്യത്തിന്റെ മനോഹര മാതൃക

ഡോ. സി മുഹമ്മദ് റാഫി ചെമ്പ്ര

മനുഷ്യചരിത്രത്തിലെ അനേകം പ്രണയകഥകൾ നാം കേട്ടിട്ടുണ്ട്. എന്നാൽ സ്നേഹത്തിനപ്പുറം വിശ്വാസവും ത്യാഗവും ആത്മസമർപ്പണവും ദൗത്യബോധവും ചേർന്നുനിൽക്കുന്ന ബന്ധങ്ങൾ വളരെ വിരളമാണ്. അത്തരമൊരു മഹത്തായ ബന്ധമായിരുന്നു മുഹമ്മദ് നബി(സ്വ)യും ഖദീജ(റ) യും തമ്മിലുണ്ടായിരുന്നത്. നബി(സ്വ) യുടെ പ്രവാചകജീവിതത്തിന്റെ ആദ്യഘട്ടം മനസ്സിലാക്കാൻ ഖദീജ(റ) യുടെ ജീവിതവും നബിയോടുള്ള അവരുടെ സ്നേഹവും പിന്തുണയും മനസ്സിലാക്കേണ്ടതുണ്ട്.

ഖദീജ ബിൻത് ഖുവൈലിദ്(റ) മക്കയിലെ മാന്യമായ കുടുംബത്തിൽപ്പെട്ട, ബുദ്ധിയും സമ്പത്തും സത്യസന്ധതയും സ്വഭാവമഹിമയുംകൊണ്ട് പ്രശസ്തയായ വനിതയായിരുന്നു. അവർ വ്യാപാരരംഗത്തും ശ്രദ്ധേയമായ സ്ഥാനം നേടിയിരുന്നു. സ്വന്തം സമ്പത്ത് ഉപയോഗിച്ച് വ്യാപാരം നടത്തുകയും അതിനായി വിശ്വസ്തരായ ആളുകളെ നിയോഗിക്കുകയും ചെയ്തിരുന്നു.

അക്കാലത്ത് മക്കയിൽ മുഹമ്മദ്(സ്വ) തന്റെ സത്യസന്ധതയും വിശ്വാസ്യതയുംകൊണ്ട് എല്ലാവരുടെയും ശ്രദ്ധ നേടിയിരുന്നു. ആളുകൾ അദ്ദേഹത്തെ 'അൽഅമീൻ' (വിശ്വസ്തൻ) എന്നു വിളിച്ചു. നബി(സ്വ) യുടെ സത്യസന്ധതയും നല്ല സ്വഭാവവും തിരിച്ചറിഞ്ഞ ഖദീജ(റ), തന്റെ വ്യാപാരവുമായി ബന്ധപ്പെട്ട് അദ്ദേഹത്തെ ശാമിലേക്ക് അയച്ചു. മൈസറ എന്ന സേവകനെയും

അദ്ദേഹത്തോടൊപ്പം അയച്ചതായി ചരിത്രഗ്രന്ഥങ്ങളിൽ കാണാം.

ഈ യാത്രയിൽ മുഹമ്മദ്(സ്വ)യുടെ സത്യസന്ധതയും മാന്യതയും നല്ല പെരുമാറ്റവും മൈസറ അടുത്തറിഞ്ഞതായി ചരിത്രങ്ങളിൽ വിവരിക്കപ്പെടുന്നു. വ്യാപാരയാത്രയിൽ നല്ല ലാഭവും ലഭിച്ചു. എന്നാൽ ഖദീജയെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ആ ലാഭമല്ലായിരുന്നു. അതിനെക്കാൾ വിലപ്പെട്ടതായി അവർ കണ്ടത് മുഹമ്മദ്(സ്വ) യുടെ വ്യക്തിത്വമായിരുന്നു. സത്യസന്ധതയും വിശ്വസ്തതയും വിനയവും മാന്യതയും നിറഞ്ഞ ആ വ്യക്തിത്വമാണ് പിന്നീട് ഖദീജയുടെ മനസ്സിൽ അദ്ദേഹത്തോടുള്ള ആദരവും സ്നേഹവും വളർത്തിയത്.

അങ്ങനെ ഖദീജ(റ) വിവാഹത്തിനുള്ള താൽപര്യം പ്രകടിപ്പിച്ചു. വിവാഹത്തോടെ ആരംഭിച്ച അവരുടെ ജീവിതം കേവലം ഭാര്യാഭർത്താക്കന്മാരുടെ ബന്ധമായിരുന്നില്ല; അത് പരസ്പര ബഹുമാനത്തിന്റെയും വിശ്വാസത്തിന്റെയും ആഴമുള്ള സ്നേഹത്തിന്റെയും ബന്ധമായിരുന്നു.

മുഹമ്മദ്(സ്വ)യുടെ ജീവിതത്തിലെ ഏറ്റവും വലിയ ആത്മീയ പരിവർത്തനങ്ങൾക്ക് മുമ്പും ശേഷവും ഖദീജ(റ) അദ്ദേഹത്തോടൊപ്പം ഉറച്ചുനിന്നു. മക്കയിലെ സാമൂഹിക സാഹചര്യങ്ങൾ അദ്ദേഹത്തിന് പലപ്പോഴും അസ്വസ്ഥത സൃഷ്ടിച്ചിരുന്നു. വിഗ്രഹാരാധനയും അനീതിയും അക്രമവും നിറഞ്ഞ സമൂഹത്തിൽനിന്നകന്ന് ഏകാന്തതയിൽ ചിന്തിക്കാനും ആരാധിക്കാനും അദ്ദേഹം ഇഷ്ടപ്പെട്ടു. ഹിറാ ഗുഹയിലെ ഏകാന്തധ്യാനം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഭാഗമായിത്തീർന്നു.

നബി(സ്വ) ഹിറായിൽ കഴിയുമ്പോൾ അദ്ദേഹത്തിന്റെ കുടുംബകാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്തിരുന്നത് ഖദീജയായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയമായ അന്വേഷണങ്ങളെ അവർ മനസ്സിലാക്കി. അദ്ദേഹത്തിന്റെ ഏകാന്തതയെ തടസ്സപ്പെടുത്താതെ ആവശ്യമായ പിന്തുണ നൽകി. ജീവിതപങ്കാളിയുടെ ആത്മീയ യാത്രയെ മനസ്സിലാക്കി കൂടെ നിൽക്കുക എന്നതിന്റെ ഏറ്റവും മനോഹരമായ മാതൃകയായിരുന്നു അത്.

അങ്ങനെ ഒരു ദിവസം ഹിറാ ഗുഹയിൽവച്ച് മുഹമ്മദ്(സ്വ)ക്ക് ആദ്യമായി ദിവ്യസന്ദേശം ലഭിച്ചു. ജിബ്‌രീൽ(അ) അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് വായിക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് സൃഷ്ടിയുടെ ആരംഭത്തെയും മനുഷ്യന്റെ സൃഷ്ടിയെയും കുറിച്ച് സംസാരിക്കുന്ന ആദ്യവചനങ്ങൾ അദ്ദേഹത്തിന് ലഭിച്ചു. ആ അനുഭവം നബി(സ്വ) യെ ആഴത്തിൽ ഭയപ്പെടുത്തി. വിറച്ചുകൊണ്ട് അദ്ദേഹം വീട്ടിലെത്തി. ‘എന്നെ പുതപ്പിക്കൂ, എന്നെ പുതപ്പിക്കൂ...’ എന്ന് അദ്ദേഹം പറഞ്ഞു. അതു കേട്ട ഖദീജ(റ) അദ്ദേഹത്തെ ചേർത്തുപിടിച്ചു. ഭയപ്പെട്ട ഭർത്താവിനോട് ഭയപ്പെടുത്തുന്ന വാക്കുകളല്ല അവർ പറഞ്ഞത്; മറിച്ച് ആത്മവിശ്വാസം നൽകുന്ന വാക്കുകളായിരുന്നു:

“അല്ലാഹു ഒരിക്കലും താങ്കളെ അപമാനിക്കുകയില്ല. താങ്കൾ കുടുംബബന്ധങ്ങൾ സംരക്ഷിക്കുന്നു, സത്യം പറയുന്നു, ദുർബലരുടെ ഭാരങ്ങൾ ഏറ്റെടുക്കുന്നു, ഇല്ലാത്തവരെ സഹായിക്കുന്നു, അതിഥികളെ ആദരിക്കുന്നു, സത്യത്തിന്റെയും നന്മയുടെയും കാര്യങ്ങളിൽ ആളുകളെ സഹായിക്കുന്നു.”

എത്ര മനോഹരമായ ആശ്വാസവാക്കുകളായിരുന്നു അത്!

ഖദീജ(റ) നബി(സ്വ)യോട് ‘ഭയപ്പെടേണ്ട’ എന്നു മാത്രമല്ല

പറഞ്ഞത്. അദ്ദേഹത്തിന്റെ മുൻകാല ജീവിതത്തിലെ നന്മകളെ ഓർമിപ്പിച്ചുകൊണ്ടാണ് ആശ്വാസം നൽകിയത്. ഒരു മനുഷ്യന്റെ സ്വഭാവത്തെ പ്രതിസന്ധിയുടെ സമയത്ത് അദ്ദേഹത്തിനുതന്നെ തിരിച്ചുകാണിച്ചുകൊടുക്കുകയായിരുന്നു ഖദീജ.

തുടർന്ന് ഖദീജ(റ) നബി(സ്വ)യെ തന്റെ ബന്ധുവായ വറഖത്ത് ബിൻ നൗഫലിന്റെ അടുത്തേക്ക് കൊണ്ടുപോയി. വഹ്യ് സംബന്ധിച്ച അനുഭവം കേട്ട വറഖത്ത്, മൂസാ നബി(അ)ക്ക് ലഭിച്ച ദിവ്യസന്ദേശം തന്നെയാണ് ഇതെന്നും മുഹമ്മദിന് തന്റെ ജനതയിൽനിന്ന് വലിയ എതിർപ്പുകൾ നേരിടേണ്ടിവരുമെന്നും അറിയിച്ചു.

ആ മഹത്തായ ദൗത്യത്തിന്റെ ആദ്യനിമിഷങ്ങളിൽതന്നെ നബി(സ്വ)യുടെ കൂടെയുണ്ടായിരുന്ന വ്യക്തി ഖദീജ(റ)യായിരുന്നു. അതുകൊണ്ടുതന്നെ അവർ ഇസ്‌ലാമിന്റെ ചരിത്രത്തിലെ ആദ്യ വിശ്വാസിയായി മാറി. ലോകം പ്രവാചകത്വത്തെക്കുറിച്ച് അറിയുന്നതിനു മുമ്പുതന്നെ, മുഹമ്മദ്(സ്വ)യുടെ സത്യത്തിൽ ഖദീജ(റ) വിശ്വസിച്ചു. മറ്റുള്ളവർ അകന്നുനിന്നപ്പോൾ അവർ അടുത്തുനിന്നു. മറ്റുള്ളവർ എതിർത്തപ്പോൾ അവർ പിന്തുണച്ചു.

ഇസ്‌ലാമിന്റെ ആദ്യകാല പ്രബോധനത്തിൽ ഖദീജ(റ)യുടെ പങ്ക് വളരെ വലുതായിരുന്നു. അവരുടെ സമ്പത്തും സ്വാധീനവും നബി(സ്വ)യുടെ ദൗത്യത്തിന് സഹായകമായി. പിന്നീട് ഇസ്‌ലാമിന്റെ വളർച്ചയ്ക്കായി ഉപയോഗിക്കപ്പെട്ട സമ്പത്തിന്റെ പിന്നിൽ ഖദീജയുടെ ത്യാഗവും ഉണ്ടായിരുന്നു.

ഖദീജ(റ)യുടെ ജീവിതത്തിലെ മറ്റൊരു മഹത്തായ ഭാഗം മാതൃത്വമാണ്. അവർ നബി(സ്വ)യുടെ മക്കളുടെ മാതാവായി; ക്വാസിം, അബ്ദുല്ലാഹ് എന്നീ ആൺമക്കളും സൈനബ്(റ), റുഖിയ്യ(റ), ഉമ്മുകുൽസൂം(റ), ഫാത്വിമ(റ) എന്നീ പെൺമക്കളും. പ്രത്യേകിച്ച് ഫാത്വിമ(റ)യുടെ മാതാവെന്ന നിലയിലും ഖദീജ(റ)യ്ക്ക് അതുല്യമായ സ്ഥാനമുണ്ട്.

നബി(സ്വ)യും ഖദീജ(റ)യും തമ്മിലുള്ള സ്നേഹം ഖദീജയുടെ ജീവിതകാലത്ത് മാത്രമല്ല, അവരുടെ മരണശേഷവും നിലനിന്നു. ഖദീജയുടെ മരണം നബി(സ്വ)യുടെ ഹൃദയത്തിൽ വലിയ ശൂന്യത സൃഷ്ടിച്ചു. അതേ വർഷംതന്നെ നബി(സ്വ)യുടെ സംരക്ഷകനായ അബൂത്വാലിബും മരണപ്പെട്ടു. ഈ രണ്ടു നഷ്ടങ്ങളും നബി(സ്വ)ക്ക് വലിയ ആഘാതമായി. അതുകൊണ്ട് ആ വർഷം 'ദുഃഖവർഷം' എന്ന് അറിയപ്പെടുന്നു.

എന്നാൽ ഖദീജ(റ)യുടെ മരണം അവരെക്കുറിച്ചുള്ള ഓർമകളുടെ മരണമായിരുന്നില്ല. നബി(സ്വ) അവരെ നിരന്തരം ഓർത്തിരുന്നു. ഖദീജയുടെ സുഹൃത്തുക്കളെ കണ്ടാൽ അവരോട് പ്രത്യേക സ്നേഹവും ആദരവും പ്രകടിപ്പിച്ചു. ആടിനെ അറുത്താൽ ഖദീജയുടെ സുഹൃത്തുക്കൾക്ക് അതിൽനിന്ന് സമ്മാനം അയക്കുമായിരുന്നു. ഖദീജയുടെ സഹോദരി ഹാലയുടെ ശബ്ദം കേൾക്കുമ്പോൾ പോലും ഖദീജയെ ഓർത്ത് നബിയുടെ മനസ്സിൽ പഴയ ഓർമകൾ ഉണർന്നിരുന്നു. ആഇശ(റ) പോലും ഖദീജയോടുള്ള നബി(സ്വ)യുടെ ഈ ആഴത്തിലുള്ള സ്നേഹം ശ്രദ്ധിച്ചിരുന്നു. നബി(സ്വ) ഖദീജയെക്കുറിച്ച് നിരന്തരം സംസാരിക്കാറുണ്ടായിരുന്നുവെന്ന് അവർ വിവരിക്കുന്നു.

ഖദീജയുടെ മഹത്ത്വം എത്രത്തോളം ഉയർന്നതായിരുന്നു എന്നതിന് മറ്റൊരു അതുല്യമായ തെളിവുണ്ട്. ഖദീജ(റ) ജീവിച്ചിരിക്കുമ്പോൾ തന്നെ ജിബ്‌രീൽ(അ) നബി(സ്വ)

യോട് ഖദീജയ്ക്ക് അവരുടെ രക്ഷിതാവിന്റെ ഭാഗത്തുനിന്നുള്ള സലാം അറിയിക്കാൻ ആവശ്യപ്പെട്ടു. ശബ്ദകോലാഹലമോ ക്ഷീണമോ ഇല്ലാത്ത സ്വർഗീയ ഭവനം ഖദീജയ്ക്ക് ലഭിക്കുമെന്ന സന്തോഷവാർത്തയും അറിയിച്ചു.

ഖദീജയും നബി(സ്വ)യും തമ്മിലുള്ള ബന്ധം എക്കാലത്തെയും ദമ്പതികൾക്കു വലിയൊരു പാഠമാണ്. ഒരു നല്ല ജീവിതപങ്കാളി എന്നതു സന്തോഷസമയത്തു മാത്രം കൂടെയുള്ള ഒരാളല്ല. ജീവിതത്തിലെ ഏറ്റവും വലിയ ഭയത്തിലും പ്രതിസന്ധിയിലും ആത്മവിശ്വാസം നൽകുന്ന വ്യക്തിയാണ്.

നബി(സ്വ) ഭയപ്പെട്ടപ്പോൾ ഖദീജ(റ) ആശ്വാസമായി. ലോകം അദ്ദേഹത്തെ നിഷേധിച്ചപ്പോൾ അവർ അംഗീകരിച്ചു. ദൗത്യനിർവഹണത്തിലെ പ്രയാസത്തിൽ പിന്തുണയായി, സമ്പത്ത് ആവശ്യമായപ്പോൾ ത്യാഗമായി. അങ്ങനെ ഖദീജ(റ) ഒരു ഭാര്യ എന്നതിലുപരി നബി(സ്വ)യുടെ ജീവിതത്തിലെ ഒരു വലിയ താങ്ങായി മാറി.

വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ ചില ദൃഷ്ടാന്തങ്ങൾ വിവരിക്കവെ, ഇണകളെ സൃഷ്ടിച്ചതിനെ കുറിച്ചും ദാമ്പത്യജീവിതത്തിന്റെ ലക്ഷ്യം പരസ്പരം സമാധാനം കണ്ടെത്തുന്നതിനാണെന്നും അവരുടെ ഇടയിൽ സ്നേഹവും കാരുണ്യവും സ്ഥാപിച്ചത് അല്ലാഹുവാണെന്നും പറയുന്നുണ്ട്. മുഹമ്മദ് നബി(സ്വ)യും ഖദീജ(റ)യും തമ്മിലുള്ള ജീവിതം ഈ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഏറ്റവും മനോഹരമായ ചരിത്രസാക്ഷ്യങ്ങളിലൊന്നാണ്. ഇന്ന് കുടുംബങ്ങളിൽ സമ്പത്തുണ്ട്, സൗകര്യങ്ങളുണ്ട്, ആധുനിക ജീവിതത്തിന്റെ എല്ലാ സംവിധാനങ്ങളുമുണ്ട്. പക്ഷേ, പലപ്പോഴും പരസ്പരം കേൾക്കാനുള്ള സമയമില്ല, മനസ്സിലാക്കാനുള്ള ക്ഷമയില്ല, പ്രതിസന്ധിയിൽ ചേർത്തുപിടിക്കാനുള്ള മനസ്സില്ല.

ഖദീജ(റ)യുടെ ജീവിതം നമ്മോട് ഒരു ചോദ്യം ചോദിക്കുന്നു: “നിങ്ങളുടെ ജീവിതപങ്കാളിക്ക് നിങ്ങൾ ഒരു ആശ്വാസകേന്ദ്രമാണോ?”

നബി(സ്വ)യുടെ ജീവിതത്തിലെ ഏറ്റവും വലിയ ആത്മീയയാത്രയുടെ ആദ്യ നിമിഷങ്ങളിൽ അദ്ദേഹത്തെ ചേർത്തുപിടിച്ച കൈകളായിരുന്നു ഖദീജയുടെത്. ആദ്യ വഹ്‌യിന്റെ ഭയം മാറ്റിയ ആശ്വാസവാക്കുകൾ ഖദീജയുടെതായിരുന്നു. ആദ്യ വിശ്വാസത്തിന്റെ പ്രകാശം തെളിഞ്ഞത് അവരുടെ ഹൃദയത്തിലായിരുന്നു. ആദ്യകാല ദൗത്യത്തിന്റെ ഭാരങ്ങൾ പങ്കിട്ടത് അവരുടെ ജീവിതമായിരുന്നു. അതുകൊണ്ടാണ് ഖദീജ(റ) ഒരു ചരിത്രവനിത മാത്രമല്ലാത്തത്.

അവർ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും കുടുംബപിന്തുണയുടെയും മാതൃകയാണ്. അവർ ഒരു മഹത്തായ ദൗത്യത്തിനായി സ്വന്തം ജീവിതവും സമ്പത്തും സമർപ്പിച്ച സ്ത്രീയുടെ മാതൃകയാണ്.

മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിൽ ഖദീജ(റ)ക്കുള്ള സ്വാധീനം മനസ്സിലാക്കുമ്പോൾ നമുക്ക് മനസ്സിലാകുന്ന ഒരു വലിയ സത്യമുണ്ട്: ഒരു മഹാന്റെ പിന്നിൽ പലപ്പോഴും നിശ്ശബ്ദമായി നിന്ന ഒരു മഹത്തായ ഹൃദയമുണ്ടാകും. മുഹമ്മദ് നബി(സ്വ)യുടെ ജീവിതത്തിലെ ആ മഹത്തായ ഹൃദയമായിരുന്നു ഖദീജ(റ).

അവരുടെ ജീവിതം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ സന്ദേശം ഇതാണ്; സ്നേഹം എന്നത് വാക്കുകളിൽ മാത്രം പ്രകടിപ്പിക്കേണ്ട ഒന്നല്ല; പ്രതിസന്ധിയിൽ ഒരാളുടെ കൂടെ ഉറച്ചുനിൽക്കുന്നതാണ് യഥാർഥ സ്നേഹം.

■



# മനുഷ്യാവകാശവും നാസ്തികരും

റൈഹാൻ ഷഹീദ്
: +971 50 596 0255

ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ പലപ്പോഴും ‘മനുഷ്യാവകാശങ്ങളുടെ നൂറ്റാണ്ട്’[1] എന്നാണ് വിശേഷിപ്പിക്കാറുള്ളത്. ഇന്നു ലോകത്തിന്റെ ഏതു ഭാഗത്ത് ഒരു അനീതി നടന്നാലും മനുഷ്യാവകാശങ്ങളുടെ ഭാഷയിലാണ് അതിനെതിരെ പ്രതിഷേധങ്ങൾ ഉയരുന്നത്. ജീവിക്കാനുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സമത്വം, അന്തസ്സ്, വിദ്യാഭ്യാസം, സ്വകാര്യത തുടങ്ങിയ ആശയങ്ങൾ ഇന്ന് ആഗോള രാഷ്ട്രീയത്തിന്റെയും സാമൂഹിക ചർച്ചകളുടെയും കേന്ദ്രസ്ഥാനത്താണ്.

**ലോകത്തിലെ സകല അധാർമികതകൾക്കും ദാർശനിക പരിവേഷം നൽകി, മനുഷ്യാവകാശത്തിന്റെ അപ്പോസ്തലന്മാരായി സ്വയം അവരോധിതരായവരാണ് നാസ്തികർ. എന്നാൽ മൂല്യവും അവകാശവും നിർവചിക്കാനുള്ള ധാർമികതയുടെ അളവുകോലുകൾ നിശ്ചയിക്കുന്നിടത്ത് എന്ത് മാനദണ്ഡമാണ് നാസ്തികർക്ക് മുന്നോട്ട് വെക്കാനുള്ളത് എന്ന ചോദ്യം പ്രസക്തമാണ്.**

1948ൽ ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ 'അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം' (Universal Declaration of Human Rights) മനുഷ്യാവകാശങ്ങളെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മൂല്യങ്ങളാക്കി മാറ്റുന്നതിൽ നിർണായക പങ്കുവഹിച്ചു.[2] ഇന്ന് ഒരു ഭരണകൂടത്തെ വിമർശിക്കാനും ഒരു യുദ്ധത്തെ അപലപിക്കാനും ഒരു സാമൂഹിക പ്രസ്ഥാനത്തെ പിന്തുണയ്ക്കാനും മനുഷ്യാവകാശങ്ങളുടെ ഭാഷയാണ് സാധാരണ ഉപയോഗിക്കപ്പെടുന്നത്.

ഇതിലെ രസകരമായ ഒരു കാര്യം മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽ മതവിശ്വാസികളും നിരീശ്വരവാദികളും ഒരുപോലെ പങ്കുചേരുന്നു എന്നതാണ്. ഒരു മുസ്‌ലിമും ഒരു ക്രിസ്ത്യാനിയും ഒരു ഹിന്ദുവും ഒരു നിരീശ്വരവാദിയും മനുഷ്യാവകാശങ്ങളെ പിന്തുണച്ചേക്കാം.

എന്നാൽ ഇവിടെ ഒരു ആഴമേറിയ ദാർശനിക ചോദ്യം ഉയരുന്നുണ്ട്: മനുഷ്യന് ഈ അവകാശങ്ങൾ ലഭിച്ചത് എവിടെനിന്നാണ്? ആരാണ് മനുഷ്യന് ജീവിക്കാനുള്ള അവകാശം നൽകിയത്? എന്തുകൊണ്ടാണ് മനുഷ്യജീവൻ വിലപ്പെട്ടതാകുന്നത്? എന്തുകൊണ്ടാണ് ഒരു മനുഷ്യനെ കൊല്ലുന്നത് തെറ്റായിരിക്കുമ്പോൾ ഒരു കൊതുകിനെ കൊല്ലുന്നത് തെറ്റാകാത്തത്? എന്തുകൊണ്ടാണ് മനുഷ്യരെ അടിമകളാക്കുന്നത് അനീതിയും പശുവിനെയോ കുതിരയെയോ വളർത്തി ഉപയോഗിക്കുന്നത് അനീതിയല്ലാതെയുമായി മാറുന്നത്?

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഏതു ചർച്ചയും ഒടുവിൽ മനുഷ്യന്റെ സ്വഭാവത്തെക്കുറിച്ചുള്ള ചർച്ചയിലേക്ക് എത്തിച്ചേരും. മനുഷ്യൻ എന്താണ്? അവന് എന്തു മൂല്യമാണുള്ളത്? അവന്റെ അന്തസ്സിന്റെ ഉറവിടം എന്താണ്? ആധുനിക ലോകം മനുഷ്യാവകാശങ്ങളെ ശക്തമായി പ്രതിരോധിക്കുന്നുണ്ടെങ്കിലും, അവയുടെ ദാർശനിക അടിത്തറയെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. ദൈവത്തെ നിഷേധിക്കുന്ന ഒരു ലോകവീക്ഷണത്തിന് മനുഷ്യാവകാശങ്ങളെ ഒബ്ജക്റ്റീവായി ന്യായീകരിക്കാൻ കഴിയുമോ എന്ന ചോദ്യം ഗൗരവമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

### എന്താണ് മനുഷ്യാവകാശം?

'മനുഷ്യാവകാശം' എന്ന പദം നാം നിരന്തരം ഉപയോഗിക്കാറുണ്ടെങ്കിലും അതിന്റെ യഥാർഥ അർഥത്തെക്കുറിച്ച് പലപ്പോഴും ആലോചിക്കാറില്ല. ലളിതമായി പറഞ്ഞാൽ, മനുഷ്യനായതിന്റെ പേരിൽ ഓരോ വ്യക്തിക്കും ലഭിക്കുന്ന അടിസ്ഥാന അവകാശങ്ങളെയാണ് മനുഷ്യാവകാശങ്ങൾ എന്ന് വിളി ക്കുന്നത്. അവ ഒരു രാജ്യത്തിന്റെ പൗരത്വത്തെ ആശ്രയിച്ചല്ല, വംശത്തെയോ മതത്തെയോ ഭാഷയെയോ സാമ്പത്തിക നിലയെയോ ആശ്രയിച്ചുമല്ല; മനുഷ്യനാണെന്ന ഒരേയൊരു കാരണത്താൽ ലഭിക്കുന്ന അവകാശങ്ങളാണവ.[3]

ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, നിയമത്തിനു മുമ്പിലെ സമത്വം, സ്വത്തവകാശം, മതസ്വാതന്ത്ര്യം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം, മനുഷ്യാന്തസ്സിനുള്ള അവകാശം എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുന്നു.[4]

മനുഷ്യാവകാശങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അവ സാർവത്രികമാണെന്നതാണ്. അതായത് ലോകത്തിലെ എല്ലാ മനുഷ്യർക്കും ഒരുപോലെ ബാധകമാണ്. ഇവിടെ ഒരു

നിർണായക ചോദ്യം ഉയരുന്നു: മനുഷ്യാവകാശങ്ങൾ സാർവത്രികമാണെന്ന് നാം എന്തുകൊണ്ട് വിശ്വസിക്കുന്നു? ഒരു രാജ്യത്തെ ഭൂരിപക്ഷം ആളുകൾ ഒരു ന്യൂനപക്ഷ വിഭാഗത്തിന് ജീവിക്കാനുള്ള അവകാശമില്ലെന്ന് തീരുമാനിച്ചാൽ എന്താകും? ഒരു സമൂഹം അടിമത്തം ശരിയാണെന്നു തീരുമാനിച്ചാൽ അതിനെ ശരിയെന്ന് വിളിക്കാമോ? ഹിറ്റ്ലറുടെ ജർമനിയിൽ ജൂതന്മാരുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടതിനെ എന്തിന്റെ അടിസ്ഥാനത്തിലാണ് തെറ്റെന്നു പറയുന്നത്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ മനുഷ്യാവകാശങ്ങളുടെ പിന്നിലുള്ള തത്ത്വചിന്ത മനസ്സിലാക്കണം. ചരിത്രപരമായി മനുഷ്യാവകാശങ്ങൾക്ക് രണ്ടു പ്രധാന അടിത്തറകളാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. ഒന്നാമത്തെത് മനുഷ്യനിൽ അന്തർലീനമായ മൂല്യമുണ്ടെന്നും ആ മൂല്യം ദൈവത്തിൽ നിന്നാണെന്നും പറയുന്ന മതപരമായ കാഴ്ചപ്പാടാണ്. രണ്ടാമത്തെത് മനുഷ്യാവകാശങ്ങൾ സാമൂഹിക കരാറുകളുടെയോ മനുഷ്യസമ്മതത്തിന്റെയോ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത് എന്ന മതേതര കാഴ്ചപ്പാടാണ്. ഈ രണ്ട് സമീപനങ്ങളിൽ ഏതാണ് മനുഷ്യാവകാശങ്ങൾക്ക് കൂടുതൽ ഉറച്ച അടിത്തറ നൽകുന്നത് എന്നതാണ് നമ്മുടെ ചർച്ചയുടെ കേന്ദ്രവിഷയം.

### നിരീശ്വരവാദം: ഒരു ലോകവീക്ഷണം

നിരീശ്വരവാദം എന്നത് 'ദൈവത്തിൽ വിശ്വസിക്കാതിരിക്കുക' എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ആധുനിക ചിന്തയിൽ അത്

**ചരിത്രപരമായി മനുഷ്യാവകാശങ്ങൾക്ക് രണ്ടു പ്രധാന അടിത്തറകളാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. ഒന്നാമത്തെത് മനുഷ്യനിൽ അന്തർലീനമായ മൂല്യമുണ്ടെന്നും ആ മൂല്യം ദൈവത്തിൽ നിന്നാണെന്നും പറയുന്ന മതപരമായ കാഴ്ചപ്പാടാണ്. രണ്ടാമത്തെത് മനുഷ്യാവകാശങ്ങൾ സാമൂഹിക കരാറുകളുടെയോ മനുഷ്യസമ്മതത്തിന്റെയോ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത് എന്ന മതേതര കാഴ്ചപ്പാടാണ്.**

പലപ്പോഴും ഒരു സമഗ്ര ലോകവീക്ഷണമായി മാറിയിട്ടുണ്ട്. എല്ലാ നിരീശ്വരവാദികളും ഒരുപോലെ ചിന്തിക്കുന്നില്ല. ചിലർ ദൈവത്തിന്റെ അസ്തിത്വത്തെ വ്യക്തമായി നിഷേധിക്കുന്നു. ചിലർ തെളിവുകളുടെ അഭാവം ചൂണ്ടിക്കാട്ടി വിശ്വാസം സ്വീകരിക്കുന്നില്ല. എന്നാൽ സമകാലിക നിരീശ്വരവാദത്തിന്റെ വലിയൊരു ഭാഗം നാചറലിസം (Naturalism) എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

നാചറലിസം അനുസരിച്ച് പ്രപഞ്ചത്തിൽ പ്രകൃതിക്കപ്പുറമുള്ളയാതൊന്നുമില്ല. ദൈവം, മലക്കുകൾ, ആത്മാവ്, വെളിപാട്, പരലോകം തുടങ്ങിയ ആശയങ്ങൾ യാഥാർഥ്യമല്ല. നിലനിൽക്കുന്നത് ഭൗതിക പ്രപഞ്ചവും അതിന്റെ നിയമങ്ങളുമാണ്. ഈ കാഴ്ചപ്പാടനുസരിച്ച് മനുഷ്യനും പ്രകൃതിയുടെ ഭാഗമാണ്. മനുഷ്യൻ ഒരു പ്രത്യേക സൃഷ്ടിയല്ല; കോടിക്കണക്കിന് വർഷങ്ങളായുള്ള പരിണാമപ്രക്രിയയുടെ ഫലമാണ്.

ഈ ആശയം ജനപ്രിയമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചവരിൽ ഒരാളാണ് ചാൾസ് ഡാർവിൻ.[5] അദ്ദേഹത്തിന്റെ പരിണാമസിദ്ധാന്തം ജീവജാലങ്ങളുടെ വൈവിധ്യത്തെ വിശദീകരിക്കുന്ന ഒരു ശാസ്ത്രീയ വ്യാഖ്യാനം അവതരിപ്പിച്ചു. ഈ ലോകവീക്ഷണത്തിൽ മനുഷ്യനും മറ്റു ജീവജാലങ്ങളും തമ്മിലുള്ള വ്യത്യാസം അടിസ്ഥാനപരമല്ല, അളവിലുള്ളതുമാത്രമാണ്. മനുഷ്യനും ഒരു ജീവിയാണ്; കൂടുതൽ വികസിച്ച ഒരു ജീവി.

നിരവധി ആധുനിക നിരീശ്വരവാദികൾ ഈ നിലപാടിനെ സ്വീകരിക്കുന്നു. ഉദാഹരണത്തിന് റിച്ചാർഡ് ഡോകിൻസ്, അദ്ദേഹം മനുഷ്യനെ 'ജീനുകൾ നിലനിൽക്കാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ' എന്ന രീതിയിൽ വിശദീകരിച്ചിട്ടുണ്ട്.[6] അതുപോലെ 'യുവാൽ നോവാ ഹരാരി' മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്ന് പൂർണമായി വ്യത്യസ്തമായ ഒരു സത്തയായി കാണുന്ന സമീപനത്തെ ചോദ്യം ചെയ്യുന്നു.[7]

ഇവിടെനിന്നാണ് മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ഒരു വലിയ തത്ത്വചിന്താപരമായ പ്രശ്നം ഉയരുന്നത്. മനുഷ്യൻ വെറും പരിണാമത്തിന്റെ ഫലമാണെങ്കിൽ, മനുഷ്യന് പ്രത്യേക മൂല്യമുണ്ടെന്ന് എങ്ങനെ തെളിയിക്കും? മനുഷ്യനും മറ്റു ജീവജാലങ്ങളും ഒരേ പ്രകൃതിപ്രക്രിയയുടെ ഭാഗമാണെങ്കിൽ, മനുഷ്യാവകാശങ്ങൾ എന്ന ആശയത്തിന് അടിത്തറ എന്തായിരിക്കും? നിരീശ്വരവാദികളെ നിരന്തരം അലട്ടുന്ന ചോദ്യങ്ങളാണ് ഇവ.

**നന്മയും തിന്മയും ആരാണുതീരുമാനിക്കുന്നത്?**

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ചർച്ചയിൽനിന്ന് ഒഴിവാക്കാനാവാത്ത ഒരു വിഷയമാണ് ധാർമികത. കാരണം ഒരു അവകാശം എന്ന ആശയം തന്നെ ചില കാര്യങ്ങൾ ശരിയാണെന്നും ചില കാര്യങ്ങൾ തെറ്റാണെന്നും മുൻകൂട്ടി അംഗീകരിക്കുന്നു.

ഉദാഹരണത്തിന്: ‘കൊലപാതകം തെറ്റാണ്’. ‘ബലാത്സംഗം തെറ്റാണ്’. ‘പീഡനം തെറ്റാണ്’. ‘അടിമത്തം തെറ്റാണ്’. ഇവയെല്ലാം ധാർമിക പ്രസ്താവനകളാണ്. എന്നാൽ ഒരു അടിസ്ഥാന ചോദ്യം ഉയരുന്നു: ‘ദൈവമില്ലെങ്കിൽ ഇവ തെറ്റാണെന്നു നാം എങ്ങനെ തെളിയിക്കും?’

ഒരു നിരീശ്വരവാദിക്ക് വ്യക്തിപരമായി കൊലപാതകത്തെ വെറുക്കാം. ബലാത്സംഗത്തെ അപലപിക്കാം. മനുഷ്യാവകാശങ്ങളെ പിന്തുണയ്ക്കാം. എന്നാൽ ചോദ്യം അതല്ല, ‘അവ തെറ്റാണെന്നു വസ്തുനിഷ്ഠമായി (objectively) തെളിയിക്കാൻ കഴിയുമോ’ എന്നതാണ്. ഒരു വ്യക്തി, ‘എനിക്കു കൊലപാതകം തെറ്റാണെന്നു തോന്നുന്നില്ല’ എന്നു പറയുകയാണെങ്കിൽ അയാളോട് എന്തു മറുപടി പറയും? ‘എനിക്കു തോന്നുന്നു, അതു തെറ്റാണ്’ എന്നാണെങ്കിൽ അത് ഒരു അഭിപ്രായം മാത്രമാണ്. രണ്ട് അഭിപ്രായങ്ങൾ തമ്മിലുള്ള വ്യത്യാസം മാത്രം. മതപരമായ ലോകവീക്ഷണത്തിൽ ഈ പ്രശ്നമില്ല. കാരണം നന്മയും തിന്മയും അല്ലാഹുവിന്റെ കൽപനകളുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യാഭിപ്രായങ്ങൾ മാറിയാലും ധാർമിക സത്യങ്ങൾ മാറുന്നില്ല. എന്നാൽ നിരീശ്വരവാദ ലോകവീക്ഷണത്തിൽ നന്മയും തിന്മയും എന്തിന്റെ അടിസ്ഥാനത്തിലാണ് നിർണയിക്കപ്പെടുന്നത്?

**മനുഷ്യൻ വെറും പരിണാമത്തിന്റെ ഫലമാണെങ്കിൽ, മനുഷ്യന് പ്രത്യേക മൂല്യമുണ്ടെന്ന് എങ്ങനെ തെളിയിക്കും? മനുഷ്യനും മറ്റു ജീവജാലങ്ങളും ഒരേ പ്രകൃതി പ്രക്രിയയുടെ ഭാഗമാണെങ്കിൽ, മനുഷ്യാവകാശങ്ങൾ എന്ന ആശയത്തിന് അടിത്തറ എന്തായിരിക്കും? നിരീശ്വരവാദികളെ നിരന്തരം അലട്ടുന്ന ചോദ്യങ്ങളാണ് ഇവ.**



ചിലർ സമൂഹത്തിന്റെ സമ്മതമാണ് അടിസ്ഥാനമെന്നു പറയുന്നു.[8] എന്നാൽ സമൂഹങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് അടിമത്തം നിയമപരവും സാമൂഹികവുമായി അംഗീകരിക്കപ്പെട്ടതായിരുന്നു. അന്നു ഭൂരിപക്ഷം ആളുകൾ അതു ശരിയാണെന്ന് കരുതിയിരുന്നു. അതുകൊണ്ട് അതു ശരിയായിരുന്നോ? ചിലർ പരിണാമത്തിലൂടെയാണ് ധാർമികത രൂപപ്പെട്ടതെന്ന് വാദിക്കുന്നു. സഹകരിക്കുന്ന സമൂഹങ്ങൾ കൂടുതൽ വിജയിച്ചതിനാൽ മനുഷ്യർ ധാർമിക പെരുമാറ്റങ്ങൾ വികസിപ്പിച്ചു എന്നാണ് അവരുടെ അഭിപ്രായം.[9] എന്നാൽ ഒരു പെരുമാറ്റം പരിണാമപരമായി പ്രയോജനകരമാണ് എന്നത് അതു ധാർമി കമായി ശരിയാണ് എന്നു തെളിയിക്കുന്നില്ല. പല തത്ത്വചിന്തകരും ഈ പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മൈക്കൾ റൂസ് എഴുതിയത് മനുഷ്യരുടെ ധാർമികബോധം ജൈവപരിണാമത്തിന്റെ ഉൽപന്നമാണെന്നും അത് വസ്തുനിഷ്ഠ സത്യങ്ങളിലേക്ക് വിരൽചൂണ്ടണമെന്നില്ല എന്നുമാണ്.[10]

‘ഫ്രീഡ്രിക്ക് നീച്ച’ ‘God is dead’ എന്നു പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം ആഘോഷിക്കുകയായിരുന്നില്ല, മറിച്ച് ദൈവത്തെ ഉപേക്ഷിച്ച ഒരു സംസ്കാരം ഒടുവിൽ തന്റെ ധാർമിക അടിത്തറയും നഷ്ടപ്പെടുത്തുമെന്ന് മുന്നറിയിപ്പു നൽകുകയായിരുന്നു.[11] അതുകൊണ്ട് നിരീശ്വരവാദത്തിന്റെ പ്രധാന വെല്ലുവിളി ദൈവമില്ലെന്ന് പറയുന്നതല്ല; ദൈവമില്ലാതെ ധാർമികതയെ എങ്ങനെ ന്യായീകരിക്കും എന്നതാണ്.

### നിരീശ്വരവാദത്തിന്റെ പ്രതിസന്ധി

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള എല്ലാ ചർച്ചകളുടെയും കേന്ദ്രത്തിൽ ഒരു അടിസ്ഥാന ധാരണയുണ്ട്: മനുഷ്യനിൽ അന്തർലീനമായ മൂല്യമുണ്ട്. അതുകൊണ്ടാണ് മനുഷ്യനെ പീഡിപ്പിക്കുന്നത് തെറ്റാകുന്നത്. അതുകൊണ്ടാണു മനുഷ്യനെ കൊല്ലുന്നത് തെറ്റാകുന്നത്. അതുകൊണ്ടാണ് മനുഷ്യനെ അടിമയാക്കുന്നത് തെറ്റാകുന്നത്. എന്നാൽ ഈ അന്തർലീനമായ മൂല്യം എവിടെനിന്നാണു വരുന്നത്?

മതവിശ്വാസിയുടെ മറുപടി ലളിതമാണ്: മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതുകൊണ്ടാണ് അവനു അന്തസ്സും അവകാശങ്ങളുമുള്ളത്. എന്നാൽ നിരീശ്വരവാദ ലോകവീക്ഷണത്തിൽ മനുഷ്യൻ പ്രകൃതിയുടെ ഭാഗം മാത്രമാണ്. കോടിക്കണക്കിന് വർഷങ്ങളായുള്ള പരിണാമത്തിന്റെ ഫലമാണ്. അങ്ങനെയാണോ മനുഷ്യജീവൻ വിശുദ്ധമാകുന്നത്? എന്തുകൊണ്ടാണ് ഒരു മനുഷ്യന്റെ ജീവൻ ഒരു കല്ലിന്റെയോ മരത്തിന്റെയോ കുരങ്ങിന്റെയോ ജീവനെക്കാൾ വിലപ്പെട്ടതാകുന്നത്?

ഇവിടെ പല നിരീശ്വരവാദികളും സാമൂഹിക കരാർ (Social Contract)എന്ന ആശയം മുന്നോട്ടു വയ്ക്കുന്നു. അതായത് മനുഷ്യർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ അവകാശങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ഒരു വലിയ പ്രശ്നമുണ്ട്; അവകാശങ്ങൾ സാമൂഹിക കരാറിന്റെ ഫലമാണെങ്കിൽ അവ സമൂഹത്തിന് മാറ്റാനും പിൻവലിക്കാനും കഴിയും. അപ്പോൾ മനുഷ്യാവകാശങ്ങൾ യഥാർഥത്തിൽ സാർവത്രികമല്ല; താൽക്കാലിക സാമൂഹിക ധാരണകൾ മാത്രമാണ്.

> **മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള എല്ലാ ചർച്ചകളുടെയും കേന്ദ്രത്തിൽ ഒരു ടിസ്ഥാന ധാരണയുണ്ട്: മനുഷ്യനിൽ അന്തർലീനമായ മൂല്യമുണ്ട്. അതുകൊണ്ടാണ് മനുഷ്യനെ പീഡിപ്പിക്കുന്നത് തെറ്റാകുന്നത്. അതുകൊണ്ടാണു മനുഷ്യനെ കൊല്ലുന്നത് തെറ്റാകുന്നത്. അതുകൊണ്ടാണ് മനുഷ്യനെ അടിമയാക്കുന്നത് തെറ്റാകുന്നത്. എന്നാൽ ഈ അന്തർലീനമായ മൂല്യം എവിടെനിന്നാണു വരുന്നത്?**

ഇവിടെയാണ് പ്രശസ്ത ചരിത്രകാരനായ 'യുവാൽ നോവാ ഹരാരി' ഉയർത്തുന്ന നിരീക്ഷണം ശ്രദ്ധേയമാകുന്നത്. മനുഷ്യാവകാശങ്ങൾ പ്രകൃതിയിൽ കണ്ടെത്താൻ കഴിയുന്ന വസ്തുതകളല്ലെന്നും മനുഷ്യർ സൃഷ്ടിച്ച 'imagined orders' (സങ്കൽപിത ക്രമങ്ങൾ) ആണെന്നുമാണ് അദ്ദേഹത്തിന്റെ വാദം. [12]

ഹരാരിയുടെ നിഗമനം എല്ലാവരും അംഗീകരിക്കണമെന്നില്ല. എന്നാൽ അദ്ദേഹം ഉയർത്തുന്ന ചോദ്യം ഗൗരവമുള്ളതാണ്: മനുഷ്യാവകാശങ്ങൾ പ്രകൃതിയിലെ വസ്തുതകളല്ലെങ്കിൽ അവയുടെ അന്തിമ അടിത്തറ എന്താണ്? ഒരു രാഷ്ട്രം അവയെ നിഷേധിച്ചാൽ ഏത് അടിസ്ഥാനത്തിലാണ് നാം അതിനെ തെറ്റെന്ന് വിളിക്കുക?

അതിനാൽ മനുഷ്യാവകാശങ്ങളുടെ ഏറ്റവും വലിയ പ്രശ്നം അവയെ പിന്തുണയ്ക്കുക എന്നതല്ല; അവയെ ന്യായീകരിക്കുക എന്നതാണ്.

### മനുഷ്യൻ എന്തുകൊണ്ട് വ്യത്യസ്തൻ?

മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള ചർച്ച ഒടുവിൽ ഒരു നിർണായക ചോദ്യത്തിലേക്ക് എത്തിച്ചേരുന്നു: എന്തുകൊണ്ട് മനുഷ്യൻ വ്യത്യസ്തൻ? ഇതാണ് 'Human Exceptionalism' എന്ന് അറിയപ്പെടുന്ന ആശയം.[13]

ലോകത്തിലെ മിക്ക നിയമവ്യവസ്ഥകളും ധാർമിക സിദ്ധാന്തങ്ങളും മനുഷ്യൻ മറ്റു ജീവജാലങ്ങളിൽ നിന്നു വ്യത്യസ്തനാണെന്ന് മുൻകൂട്ടി അംഗീകരിക്കുന്നു. അതുകൊണ്ടാണ് മനുഷ്യനെ കൊല്ലുന്നതു 'കൊലപാതക'മാകുന്നത്. അതുകൊണ്ടാണു മനുഷ്യനെ അടിമയാക്കുന്നത് അനീതിയാകുന്നത്. അതുകൊണ്ടാണു മനുഷ്യനെ പീഡിപ്പിക്കുന്നത് കുറ്റകൃത്യമാകുന്നത്. എന്നാൽ മനുഷ്യൻ വ്യത്യസ്തനാണെന്ന് എന്തുകൊണ്ടാണ് പറയുന്നത്? നിരീശ്വരവാദ നാചാരലിസത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനും മറ്റു ജീവജാലങ്ങളും തമ്മിലുള്ള വ്യത്യാസം ഗുണപരമല്ല; അളവിലുള്ളതാണ്. മനുഷ്യൻ കൂടുതൽ ബുദ്ധിശക്തിയുള്ള ഒരു ജീവി മാത്രമാണ്.

എന്നാൽ ബുദ്ധിശക്തിയാണ് മനുഷ്യന്റെ മൂല്യത്തിന്റെ അടിത്തറയെങ്കിൽ ചില പ്രശ്നങ്ങൾ ഉയരും. ഒരു നവജാത ശിശുവിന്

ഒരു പ്രായപൂർത്തിയായ കുരങ്ങിനെക്കാൾ കുറഞ്ഞ ബുദ്ധിശേഷിയാണുള്ളത്. ഒരു ഗുരുതര ബുദ്ധിവൈകല്യമുള്ള വ്യക്തിക്ക് ചില മൃഗങ്ങളെക്കാൾ കുറഞ്ഞ ബൗദ്ധികശേഷിയുണ്ടാകാം. അപ്പോൾ ബുദ്ധിശക്തി മാത്രമാണോ മനുഷ്യന്റെ മൂല്യത്തിന്റെ അടിസ്ഥാനം? അങ്ങനെയാണെങ്കിൽ ഏറ്റവും ദുർബലരായ മനുഷ്യരുടെ അവകാശങ്ങൾ എങ്ങനെ സംരക്ഷിക്കപ്പെടും? ഇവിടെയാണ് മനുഷ്യാവകാശങ്ങളുടെ വലിയ പ്രതിസന്ധി പ്രത്യക്ഷപ്പെടുന്നത്. പ്രായോഗിക ജീവിതത്തിൽ എല്ലാ മനുഷ്യർക്കും തുല്യമായ അന്തസ്സും അവകാശങ്ങളും ഉണ്ടെന്ന് നാം വിശ്വസിക്കുന്നു. എന്നാൽ പരിണാമപരമായ നാചറലിസത്തിൽനിന്ന് മാത്രം ആ നിഗമനത്തിലേക്ക് എത്തിച്ചേരുക എളുപ്പമല്ല. ഇസ്‌ലാമിന്റെ കാഴ്ചപ്പാട് ഇവിടെ വ്യക്തമാണ്. മനുഷ്യൻ വ്യത്യസ്തനാണ്, കാരണം അവൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അല്ലാഹു പറയുന്നു: “തീർച്ചയായും ആദമിന്റെ സന്തതികളെ നാം ആദരിച്ചിരിക്കുന്നു...”(ക്വുർആൻ 17:70).

മനുഷ്യന്റെ മൂല്യം അവന്റെ ശക്തിയിലോ ബുദ്ധിയിലോ സമ്പത്തിലോ വംശത്തിലോ അല്ല; അവൻ അല്ലാഹുവിന്റെ സൃഷ്ടിയായതിലാണ്. അതുകൊണ്ടാണ് ഒരു നവജാതശിശുവിനും ഒരു വൃദ്ധനും ഒരു ദരിദ്രനും ഒരു വൈകല്യമുള്ള വ്യക്തിക്കും ഒരേ മനുഷ്യാന്തസ്സ് ലഭിക്കുന്നത്. മനുഷ്യാവകാശങ്ങളുടെ ഏറ്റവും ശക്തമായ അടിത്തറ ഈ വിശ്വാസത്തിലാണ്. കാരണം മനുഷ്യനെ പ്രത്യേകമായി കാണാനുള്ള കാരണത്തെ അതു മനുഷ്യനിൽനിന്നും കണ്ടെത്തുന്നില്ല; മനുഷ്യനെ സൃഷ്ടിച്ച സ്രഷ്ടാവിൽനിന്നാണ് കണ്ടെത്തുന്നത്.

### മൃഗങ്ങളും മനുഷ്യാവകാശവും

സമകാലിക നൈതിക ചർച്ചകളിൽ ഏറെ ശ്രദ്ധിക്കപ്പെടുന്ന ഒരു വിഷയമാണ് മൃഗാവകാശങ്ങൾ (Animal Rights). മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്നും മറ്റു ജീവജാലങ്ങളെക്കാൾ അടിസ്ഥാനപരമായി വ്യത്യസ്തനല്ലെന്നുമുള്ള വാദം ശക്തമായതോടെ മൃഗങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ചർച്ചകളും വ്യാപകമായി.[14]

ഈ ചർച്ചയുടെ കേന്ദ്രത്തിൽ ഒരു പ്രധാന ചോദ്യം നിലകൊള്ളുന്നു: ‘മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്?’

**ഒരു മനുഷ്യന്റെ മൂല്യം അവന്റെ വംശത്തിലോ ശക്തിയിലോ ബുദ്ധിയിലോ ഉൽപാദനക്ഷമതയിലോ അല്ല; അവൻ അല്ലാഹുവിന്റെ സൃഷ്ടിയായതിലാണ്. അതുകൊണ്ടുതന്നെ ഏറ്റവും ദുർബലനായ മനുഷ്യനും അതേ അന്തസ്സിനും സംരക്ഷണത്തിനും അർഹനാണ്. മനുഷ്യാവകാശങ്ങളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്ന ഒരു പ്രധാന പാഠം ഇതാണ്: മനുഷ്യന്റെ മൂല്യം സമൂഹത്തിന്റെ ഉപയോഗപ്രദതയിലോ ജൈവ മേൽക്കോയ്മയിലോ അടിസ്ഥാനപ്പെടുത്തിയാൽ, മനുഷ്യാവകാശങ്ങൾ ഒടുവിൽ അപകടത്തിലാകും. അവയ്ക്കു കൂടുതൽ ഉറച്ചതും മാറ്റമില്ലാത്തതുമായ ഒരു അടിത്തറ ആവശ്യമാണ്.**

നിരീശ്വരവാദ നാചറലിസത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യൻ മറ്റു ജീവികളിൽനിന്ന് പരിണാമപരമായി വികസിച്ച ഒരു ജീവി മാത്രമാണെങ്കിൽ, മനുഷ്യനു മാത്രം പ്രത്യേക അവകാശങ്ങൾ നൽകുന്നതിന്റെ ന്യായമെന്താണ്? ചില ആധുനിക തത്ത്വചിന്തകർ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള പരമ്പരാഗത വേർതിരിവിനെ ചോദ്യം ചെയ്തിട്ടുണ്ട്. മനുഷ്യന്റെ താൽപര്യങ്ങൾക്കു മാത്രം പ്രത്യേക പ്രാധാന്യം നൽകുന്ന സമീപനത്തെ ‘Speciesism’ എന്നാണ് അവർ വിശേഷിപ്പിക്കുന്നത്. വംശീയത (Racism) അല്ലെങ്കിൽ ലിംഗവിവേചനം (Sexism) പോലെ തന്നെ സ്പീഷീസിസവും ഒരു വിവേചനമാണെന്നാണ് അവരുടെ വാദം.[15]

ഇവിടെ ഒരു ഗൗരവമുള്ള ചോദ്യം ഉയരുന്നു. എല്ലാ ജീവജാലങ്ങൾക്കും ഒരേ ധാർമിക പദവിയാണെങ്കിൽ: ഒരു മനുഷ്യനെ കൊല്ലുന്നതും ഒരു പശുവിനെ കൊല്ലുന്നതും ഒരുപോലെ തെറ്റാണോ? ഒരു കുട്ടിയെയും ഒരു നായയെയും രക്ഷിക്കാൻ ഒരേസമയം അവസരം ലഭിച്ചാൽ ആരെയാണ് ആദ്യം രക്ഷിക്കേണ്ടത്? മനുഷ്യനെ അടിമയാക്കുന്നതു തെറ്റാണെങ്കിൽ മൃഗങ്ങളെ മനുഷ്യന്റെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് എന്തുകൊണ്ട് ശരിയാണ്?

പ്രായോഗിക ജീവിതത്തിൽ ഭൂരിഭാഗം ആളുകളും മനുഷ്യജീവന് പ്രത്യേക മൂല്യമുണ്ടെന്ന് അംഗീകരിക്കുന്നു. ഒരു മനുഷ്യന്റെ മരണവും ഒരു മൃഗത്തിന്റെ

മരണവും ഒരേ രീതിയിൽ കാണുന്നില്ല. നിയമവ്യവസ്ഥകളും അതുപോലെ തന്നെയാണ്. എന്നാൽ ചോദ്യം വീണ്ടും അവശേഷിക്കുന്നു: 'മനുഷ്യനു ഈ പ്രത്യേക പദവി ലഭിച്ചത് എന്തുകൊണ്ടാണ്?' ഇസ്‌ലാമിന്റെ മറുപടി വ്യക്തമാണ്. മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടികളിൽ പ്രത്യേക സ്ഥാനമുള്ളവനാണ്. അതേസമയം മൃഗങ്ങളോടുള്ള കരുണയും ഉത്തരവാദിത്തവും ഇസ്‌ലാം പഠിപ്പിക്കുന്നു. മനുഷ്യൻ മൃഗങ്ങളെ പീഡിപ്പിക്കാൻ അർഹനല്ല, എന്നാൽ മനുഷ്യനും മൃഗങ്ങളും ഒരേ ധാർമിക പദവിയിലുള്ളവരാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. അതുകൊണ്ട് മനുഷ്യാവകാശങ്ങളുടെ ആശയം നിലനിൽക്കണമെങ്കിൽ മനുഷ്യനു മറ്റു ജീവികളിൽനിന്ന് വ്യത്യസ്തമായ ഒരു പ്രത്യേക മൂല്യമുണ്ടെന്ന് ആദ്യം അംഗീകരിക്കേണ്ടി വരും.

### റിച്ചാർഡ് ഡോക്കിൻസ്, സെൽഫിഷ് ജീൻ, സ്പീഷീസിസം

ആധുനിക നിരീശ്വരവാദത്തിന്റെ ഏറ്റവും സ്വാധീനമുള്ള ചിന്തകരിൽ ഒരാളാണ് റിച്ചാർഡ് ഡോക്കിൻസ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ പുസ്തകമായ 'ദി സെൽഫിഷ് ജീൻ' പരിണാമത്തെ ജീനുകളുടെ കാഴ്ചപ്പാടിൽ നിന്നു വിശദീകരിക്കുന്ന ഒരു പ്രധാന കൃതിയാണ്.

ഡോക്കിൻസിന്റെ അടിസ്ഥാന ആശയം, ജീവജാലങ്ങൾ ജീനുകൾക്ക് നിലനിൽക്കാനും സ്വയം പകർത്താനുമുള്ള വാഹനങ്ങൾ മാത്രമാണെന്നാണ്. മനുഷ്യനും ഈ ജൈവ പ്രക്രിയയുടെ ഭാഗമാണ്. ഈ കാഴ്ചപ്പാട് ശാസ്ത്രലോകത്ത് വലിയ സ്വാധീനം ചെലുത്തിയെങ്കിലും ചില ദാർശനിക ചോദ്യങ്ങൾ ഉയർത്തുകയും ചെയ്തു.[16]

> **'മനുഷ്യന് പ്രത്യേക പദവി ലഭിച്ചത് എന്തുകൊണ്ടാണ്?' ഇസ്‌ലാമിന്റെ മറുപടി വ്യക്തമാണ്. മനുഷ്യൻ അല്ലാഹുവിന്റെ സൃഷ്ടികളിൽ പ്രത്യേക സ്ഥാനമുള്ളവനാണ്. അതേസമയം മൃഗങ്ങളോടുള്ള കരുണയും ഉത്തരവാദിത്തവും ഇസ്‌ലാം പഠിപ്പിക്കുന്നു. മനുഷ്യൻ മൃഗങ്ങളെ പീഡിപ്പിക്കാൻ അർഹനല്ല, എന്നാൽ മനുഷ്യനും മൃഗങ്ങളും ഒരേ ധാർമിക പദവിയിലുള്ളവരാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. അതുകൊണ്ട് മനുഷ്യാവകാശങ്ങളുടെ ആശയം നിലനിൽക്കണമെങ്കിൽ മനുഷ്യനു മറ്റു ജീവികളിൽനിന്ന് വ്യത്യസ്തമായ ഒരു പ്രത്യേക മൂല്യമുണ്ടെന്ന് ആദ്യം അംഗീകരിക്കേണ്ടി വരും.**

മനുഷ്യൻ വെറും ജീനുകളുടെ വാഹനം മാത്രമാണെങ്കിൽ; മനുഷ്യന്റെ അന്തർലീനമായ മൂല്യം എന്താണ്? മനുഷ്യജീവന്റെ വിശുദ്ധി എവിടെനിന്നാണ് വരുന്നത്? മനുഷ്യാവകാശങ്ങൾ എന്തിന്റെ അടിസ്ഥാനത്തിലാണ് നിലനിൽക്കുന്നത്? ഡോക്കിൻസ് ഉൾപ്പെടെയുള്ള ചില ചിന്തകർ മനുഷ്യന്റെ പ്രത്യേക പദവിയെ ചോദ്യം ചെയ്യുമ്പോൾ, ആധുനിക മനുഷ്യാവകാശഭാഷ മനുഷ്യന് ഒരു പ്രത്യേക ധാർമികപദവി നൽകുകയും ചെയ്യുന്നു.

ഇവിടെ ഒരു വൈരുധ്യം കാണാം. ഒരു വശത്തു മനുഷ്യൻ മറ്റു ജീവജാലങ്ങളിൽനിന്ന് അടിസ്ഥാനപരമായി വ്യത്യസ്തനല്ല എന്നു പറയപ്പെടുന്നു. മറുവശത്തു മനുഷ്യനു മാത്രം പ്രത്യേക അവകാശങ്ങളും നിയമപരമായ സംരക്ഷണങ്ങളും അനുവദിക്കപ്പെടുന്നു. ഇവിടെ കൃത്യമായ ധാർമിക അടിസ്ഥാനമുള്ള നമ്മൾ ചോദിക്കുന്നു: 'മനുഷ്യാവകാശങ്ങളെ സംരക്ഷിക്കണമെങ്കിൽ ആദ്യം മനുഷ്യന്റെ പ്രത്യേകതയെ ന്യായീകരിക്കേണ്ടതില്ലേ?'

പരിണാമ സിദ്ധാന്തം (അത് ശരിയാണെന്ന് സങ്കൽപിച്ചാൽ തന്നെ) മനുഷ്യന്റെ ജൈവ ഉത്ഭവത്തെ വിശദീകരിച്ചേക്കാം, എന്നാൽ മനുഷ്യന്റെ ധാർമിക മൂല്യത്തെ വിശദീകരിക്കുന്നില്ല. 'മനുഷ്യൻ എങ്ങനെ ഉണ്ടായി' എന്ന ചോദ്യത്തിനും 'മനുഷ്യന് എന്തുകൊണ്ടു മൂല്യമുണ്ട്?' എന്ന ചോദ്യത്തിനും ഒരേ ഉത്തരമല്ല. ശാസ്ത്രം ആദ്യത്തെ ചോദ്യത്തിനു മറുപടി നൽകാം. എന്നാൽ രണ്ടാമത്തെ ചോദ്യം തത്ത്വചിന്തയുടെയും ധാർമികതയുടെയും മേഖലയിലാണ്. അതിനാൽ മനുഷ്യാവകാശങ്ങളുടെ ചർച്ചയിൽ ജീവശാസ്ത്രം മാത്രം മതിയാകില്ല; മനുഷ്യന്റെ അന്തസ്സിനെക്കുറിച്ചുള്ള ഒരു ദാർശനിക വിശദീകരണവും ആവശ്യമാണ്.

### നിരീശ്വരവാദത്തിന്റെ അപകടങ്ങൾ

ഈ ലേഖനത്തിന്റെ ഉദ്ദേശ്യം എല്ലാ നിരീശ്വരവാദികളെയും മനുഷ്യാവകാശ വിരുദ്ധരായി ചിത്രീകരിക്കുകയല്ല. എന്നാൽ ഒരു

ലോകവീക്ഷണത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ചരിത്രത്തിൽ മനുഷ്യനെ കേവലം ജൈവപരമായ മാനദണ്ഡങ്ങളിൽ മാത്രം വിലയിരുത്താനുള്ള ശ്രമങ്ങൾ അപകടകരമായ ഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിനുള്ള പ്രധാന ഉദാഹരണമാണ് യൂജനിക്സ് (Eugenics). പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ചില പാശ്ചാത്യ ചിന്തകർ മനുഷ്യസമൂഹത്തെ 'മെച്ചപ്പെടുത്താൻ' ശാസ്ത്രീയ പ്രജനന നിയന്ത്രണങ്ങൾ ഉപയോഗിക്കണമെന്ന് വാദിച്ചു. ഈ ആശയത്തിന്റെ പ്രധാന പ്രചാരകരിൽ ഒരാളായിരുന്നു ഫ്രാൻസിസ് ഗാൾട്ടൻ.[17]

*യൂജനിക്സ് പ്രസ്ഥാനത്തിന്റെ വാദം നമുക്ക് ഇങ്ങനെ മനസ്സിലാക്കാം:*

1. സമൂഹത്തിലെ 'മികച്ച' ആളുകൾ കൂടുതൽ സന്താനങ്ങൾ ഉണ്ടാക്കണം.
2. 'അനഭിലഷണീയ' വിഭാഗങ്ങളുടെ ജനനം കുറയ്ക്കണം.[18]

ഇത്തരം ആശയങ്ങൾ പിന്നീടു നിർബന്ധിത വന്ധ്യംകരണ പരിപാടികൾക്കും ഗുരുതര മനുഷ്യാവകാശലംഘനങ്ങൾക്കും കാരണമായി.[19] നാസി ജർമനി ഈ ആശയങ്ങളെ അതിരൂക്ഷമായ രൂപത്തിൽ സ്വീകരിച്ചു. വംശശുദ്ധീകരണത്തിന്റെയും ജനിതക മേൽക്കോയ്മയുടെയും പേരിൽ ലക്ഷക്കണക്കിന് ആളുകൾ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു. [20]

മനുഷ്യന് അന്തർലീനമായ മൂല്യമില്ലെന്നും മനുഷ്യനെ ജൈവപരമായ കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്താമെന്നും കരുതുമ്പോൾ എന്തു സംഭവിക്കും? ആരാണ് ജീവിക്കാൻ അർഹൻ? ആരാണ് സമൂഹത്തിന് ഉപകാരപ്രദൻ? ആരുടെ ജീവിതമാണ് കൂടുതൽ വിലപ്പെട്ടത്? ഈ ചോദ്യങ്ങൾക്ക് അപകടകരമായ ഉത്തരങ്ങൾ ലഭിക്കാൻ സാധ്യതയുണ്ട്. അതിന്റെ വ്യക്തമായ തെളിവാണ് നാമിവിടെ കണ്ടത്.

ഇരുപതാം നൂറ്റാണ്ടിലെ ചില രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ മനുഷ്യനെ ആത്മീയ മൂല്യമുള്ള വ്യക്തിയായി കാണാതെ സാമ്പത്തികമോ വംശീയമോ ജൈവമോ ആയ വിഭാഗങ്ങളുടെ ഭാഗമായി മാത്രം കണ്ടു. അതിന്റെ ഫലമായി വൻതോതിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ സംഭവിച്ചു.[21]

ഇസ്‌ലാം ഈ സമീപനത്തെ അടിസ്ഥാനപരമായി നിരാകരിക്കുന്നു. ഒരു മനുഷ്യന്റെ മൂല്യം അവന്റെ വംശത്തിലോ ശക്തിയിലോ ബുദ്ധിയിലോ ഉൽപാദനക്ഷമതയിലോ അല്ല; അവൻ അല്ലാഹുവിന്റെ സൃഷ്ടിയായതിലാണ്. അതുകൊണ്ടുതന്നെ ഏറ്റവും ദുർബലനായ മനുഷ്യനും അതേ അന്തസ്സിനും സംരക്ഷ ണത്തിനും അർഹനാണ്. മനുഷ്യാവകാശങ്ങളുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്ന ഒരു പ്രധാന പാഠം ഇതാണ്: മനുഷ്യന്റെ മൂല്യം സമൂഹത്തിന്റെ ഉപയോഗപ്രദതയിലോ ജൈവ മേൽക്കോയ്മയിലോ അടിസ്ഥാനപ്പെടുത്തിയാൽ, മനുഷ്യാവകാശങ്ങൾ ഒടുവിൽ അപകടത്തിലാകും. അവയ്ക്കു കൂടുതൽ ഉറച്ചതും മാറ്റമില്ലാത്തതുമായ ഒരു അടിത്തറ ആവശ്യമാണ്.

*(അവസാനിച്ചില്ല)*

**References:**


1. Quoted by former UN Secretary-General Kofi A. Annan, The Age of Human Rights? - UAB Institute for Human Rights Blog https://sites.uab.edu/humanrights/2018/12/10/the-age-of-human-rights/
2. Universal Declaration of Human Rights | United Nations: https://www.un.org/en/about-us/universal-declaration-of-human-rights
3. Human Rights | United Nations https://www.un.org/en/global-issues/human-rights
4. Ibid
5. On the Origin of Species by Charles Darwin (1859)
6. The Selfish Gene by Richard Dawkins (1976)
7. Sapiens by Yuval Noah Harari (2014)
8. Two Treatises of Government by John Locke (1689)
9. Evolutionary Ethics by Michael Ruse & Robert J. Richards (1998)
10. Taking Darwin Seriously by Michael Ruse (1998)
11. The Gay Science by Friedrich Nietzsche (1882)
12. Sapiens by Yuval Noah Harari (2014)
13. The Arrogant Ape: The Myth of Human Exceptionalism and Why It Matters by Christine Webb (2025)
14. Animal Liberation by Peter Singer (1975)
15. Ibid
16. The Selfish Gene by Richard Dawkins (1976)
17. Essays in Eugenics by Francis Galton (1909) https://www.gutenberg.org/ebooks/73802
18. Ibid
19. War Against the Weak: Eugenics and America's Campaign to Create a Master Race by Edwin Black (2003)
20. The Nazi Doctors: Medical Killing and the Psychology of Genocide by Robert Jay Lifton (1986)
21. In the Name of Eugenics: Genetics and the Uses of Human Heredity by Daniel J. Kevles (1985)



ശീഇസം-ഇസ്‌ലാം: ഒരു ദാർശനിക വിശകലനം 08

# ശീഇകളിലെ വിഭാഗങ്ങൾ

ഡോ. ടി. കെ. യൂസുഫ്
: 9349798262

ശീഇകളിലെ (ശിയാക്കളിലെ) ഒട്ടനവധി വിഭാഗങ്ങളെക്കുറിച്ചും അവരിലെ അവാന്തര വിഭാഗങ്ങളെക്കുറിച്ചും അവരുടെതന്നെ ഗ്രന്ഥങ്ങളിൽ വിശദീകരിക്കുന്നുണ്ട്. പുരാതന ഗ്രന്ഥങ്ങളിൽ പറഞ്ഞതിൽ കൂടുതൽ വിഭാഗങ്ങൾ ഇപ്പോൾ നിലവിലുണ്ടാകും. ശീഇകളിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന മീർബാകിർ ദാമാദിന്റെ അഭിപ്രായത്തിൽ നബി(സ്വ) പറഞ്ഞ എഴുപത്തിമൂന്ന് വിഭാഗങ്ങൾ ശിയാക്കളുടെ കൂട്ടത്തിൽതന്നെ ഉണ്ടായിട്ടുണ്ട്; അതിൽ വിജയിച്ച വിഭാഗം ഇമാമിയ്യയാണ്. അഹ്‌ലുസ്സുന്നയിൽ പെട്ട വിഭാഗങ്ങൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇസ്‌ലാമിൽനിന്നുതന്നെ പുറത്താണ്. പല പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ശീഈ വിഭാഗക്കാർ മുന്നൂറിലധകം എത്തിയിട്ടുണ്ട്. ഷഹർസ്ഥാനിയുടെ വീക്ഷണത്തിൽ അവരിലെ അടിസ്ഥാന വിഭാഗങ്ങൾ അഞ്ചെണ്ണമാണ്; കൈസാനിയ്യ, സൈദിയ്യ, ഇമാമിയ്യ, ഗൂലാത്ത്, ഇസ്മാഈലിയ്യ. അശ്അരിയുടെ വീക്ഷണത്തിൽ അടിസ്ഥാനപരമായി അവർ മൂന്നാണ്. ഒന്ന്, ഗുലാത്ത്; അതുതന്നെ പതിനഞ്ചു വിഭാഗമുണ്ട്. രണ്ട്, റാഫിദ; അവർ ഇരുപത്തിനാലു വിഭാഗമുണ്ട്. മൂന്ന്, സൈദിയ്യ ഇവർ ആറു വിഭാഗമുണ്ട്. പുരാതനമായ പല ശീഈ വിഭാഗങ്ങൾക്കും വംശനാശം സംഭവിച്ചിട്ടുണ്ട്. ഇന്നു നിലവിലുള്ളതിൽ ഏറ്റവും പ്രസിദ്ധമായത് മൂന്നെണ്ണമാണ്. അവ സൈദിയ്യയും ഇസ്മാഈലിയ്യയും

**ശീഇകളിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന മീർബാകിർ ദാമാദിന്റെ അഭിപ്രായത്തിൽ നബി(സ്വ) പറഞ്ഞ എഴുപത്തിമൂന്ന് വിഭാഗങ്ങൾ ശിയാക്കളുടെ കൂട്ടത്തിൽതന്നെ ഉണ്ടായിട്ടുണ്ട്; അതിൽ വിജയിച്ച വിഭാഗം ഇമാമിയ്യയാണ്. അഹ്ലുസ്സുന്നയിൽ പെട്ട വിഭാഗങ്ങൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇസ്‌ലാമിൽനിന്നുതന്നെ പുറത്താണ്. പല പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ശീഈ വിഭാഗക്കാർ മുന്നൂറിലധകം എത്തിയിട്ടുണ്ട്. ഷഹർസ്ഥാനിയുടെ വീക്ഷണത്തിൽ അവരിലെ അടിസ്ഥാന വിഭാഗങ്ങൾ അഞ്ചെണ്ണമാണ്; കൈസാനിയ്യ, സൈദിയ്യ, ഇമാമിയ്യ, ഗൂലാത്ത്, ഇസ്മാഈലിയ്യ.**

ഇമാമിയ്യ അഥവാ ഇസ്നാ അശരിയ്യയുമാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതും കൂടുതൽ അംഗബലമുള്ളതുമായ വിഭാഗം ഇമാമിയ്യയാണ്.

### ഇസ്മാഈലിയ്യ

ഇമാം ജഅ്ഫറിനുശേഷം ശിയാക്കൾ ആരെ നേതാവാക്കണം എന്ന കാര്യത്തിൽ തർക്കിക്കുകയും ഒട്ടേറെ കക്ഷികളായി അവർ വേർതിരിയുകയും ചെയ്തു. അക്കൂട്ടത്തിൽ ഇമാമത്ത് അദ്ദേഹത്തിന്റെ മക്കളിലൊരാളായ ഇസ്മാഈലിനാണ് എന്നു വാദിച്ചവരാണ് ഇസ്മാഈലിയ്യ. എന്നാൽ അദ്ദേഹം മരിച്ചയുടനെത്തന്നെ ഇവർ വീണ്ടും രണ്ടായി പിരിഞ്ഞു. പിന്നീട് ഒട്ടേറെ പേരുകളിലും സ്ഥാനപ്പേരുകളിലും അനവധി വിഭാഗങ്ങളും ഉപവിഭാഗങ്ങളുമായി മാറി. കറാമിത്ത, ഹശാശൂൻ, ഫാതിമിയ്യൂൻ, ദുറൂസ് എന്നിവ അവയിൽ ചിലതാണ്. ഓരോ രാജ്യത്തെയും പ്രധാന ഇമാമിന്റെ പേരിലും ആ രാജ്യത്ത് അവർ അറിയപ്പെടുന്നുണ്ട്. മതത്തിലെ ഓരോ കാര്യത്തിനും ബാഹ്യവും ആന്തരികവുമായ അർഥങ്ങളുണ്ടെന്നും ക്വുർആൻ വ്യാഖ്യാനിക്കാനുള്ള അവകാശം ഇമാമുകൾക്ക് മാത്രമെയുള്ളൂവെന്നുമാണ് ഇസ്മാഈലിയാക്കളുടെ വിശ്വാസം. ഇബ്നുൽ ജൗസി(റഹി) ഇവരിലെ ബാതിനിയ്യാക്കളെക്കുറിച്ചു പറയുന്നത് ഇപ്രകാരമാണ്: "ഇക്കൂട്ടർ പ്രവാചകത്വവും ആരാധനാകർമങ്ങളും പുനരുത്ഥാനവും നിഷേധിക്കുന്നവരാണ്. പക്ഷേ, ഇക്കാര്യം ഇവർ തുറന്നുപറയാതെ, ബാഹ്യമായി ഇവ അംഗീകരിക്കുകയും ഇവയിലെല്ലാം നിഗൂഢമായ പല ആശയങ്ങളും അടങ്ങിയിട്ടുണ്ട് എന്നു പറഞ്ഞ് ആളുകളെ വഴിതെറ്റിക്കുകയും ചെയ്യും." ഫഖ്റുദ്ദീൻ അൽറാസിയുടെ അഭിപ്രായത്തിൽ നിശീശ്വര-നിർമത പ്രസ്ഥാനത്തെക്കാൾ മതത്തിന് ഏറ്റവും ഭീഷണിയായിട്ടുള്ളത് ഇക്കൂട്ടരാണ്.

ഇക്കൂട്ടരുടെ വിശ്വാസ സംഹിതകൾ ഇവരുടെ ഗ്രന്ഥങ്ങൾ വായിച്ചാൽ പോലും മനസ്സിലാക്കാൻ പ്രയാസമാണ്. ഇസ്മാഈലീ വിഭാഗത്തിലെ ഒരാൾ പറഞ്ഞു: "ഞങ്ങൾക്കു ചില ഗ്രന്ഥങ്ങളുണ്ട്. അതുവായിച്ചു ഗ്രഹിക്കാനോ അതിലെ യാഥാർഥ്യങ്ങൾ ഉൾക്കൊള്ളാനോ ഞങ്ങൾക്കല്ലാതെ കഴിയുകയില്ല." അവരുടെ ദൈവവിശ്വാസത്തെക്കുറിച്ച് ഇമാം ഗസ്സാലി പറഞ്ഞത് 'ഇവർ രണ്ടു ദൈവമുണ്ടെന്ന് വിശ്വസിക്കുന്നവരാണ്' എന്നാണ്. ഓരോ കാലഘട്ടത്തിലും പാപസുരക്ഷിതനായ ഒരു ഇമാം ഉദയം ചെയ്യുമെന്നും ഇവർ വിശ്വസിക്കുന്നു. മതവിധികൾ ഒരു ഇമാമിൽനിന്നാണ് പഠിക്കേണ്ടത് എന്നു പറയുന്ന ഇവർക്ക് മതത്തിലെ പല വിലക്കുകളും അനുവദനീയമാണ്. നമസ്കാരത്തിന്റെ അർഥം ഇമാമുമായുള്ള സൗഹൃദമാണ്. ഹജ്ജ് അദ്ദേഹത്തെ സന്ദർശിക്കലാണ്. നോമ്പ് എന്നാൽ ഇമാമിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്താതിരിക്കലാണ്. ഇവരുടെ പ്രബോധനത്തിനും പല പദവികളുണ്ട്. എല്ലാവർക്കും ഒരുപോലുള്ള നിയമനിർദേശങ്ങളല്ല. അനുയായികളെ ഇവർ ഏഴു വിഭാഗമാക്കിത്തിരിച്ചു പദവിക്കനുസരിച്ചാണ് മതകർമങ്ങൾ പഠി

**മതത്തിലെ ഓരോ കാര്യത്തിനും ബാഹ്യവും ആന്തരികവുമായ അർഥങ്ങളുണ്ടെന്നും ക്വുർആൻ വ്യാഖ്യാനിക്കാനുള്ള അവകാശം ഇമാമുകൾക്ക് മാത്രമെയുള്ളൂവെന്നുമാണ് ഇസ്മാഈലിയാക്കളുടെ വിശ്വാസം. ഇക്കൂട്ടർ പ്രവാചകത്വവും ആരാധനാകർമങ്ങളും പുനരുത്ഥാനവും നിഷേധിക്കുന്നവരാണ്. പക്ഷേ, ഇക്കാര്യം ഇവർ തുറന്നുപറയാതെ, ബാഹ്യമായി ഇവ അംഗീകരിക്കുകയും ഇവയിലെല്ലാം നിഗൂഢമായ പല ആശയങ്ങളും അടങ്ങിയിട്ടുണ്ട് എന്നു പറഞ്ഞ് ആളുകളെ വഴി തെറ്റിക്കുകയും ചെയ്യും. ഫഖ്റുദ്ദീൻ അൽറാസിയുടെ അഭിപ്രായത്തിൽ നിരീശ്വര-നിർമത പ്രസ്ഥാനത്തെക്കാൾ മതത്തിന് ഏറ്റവും ഭീഷണിയായിട്ടുള്ളത് ഇക്കൂട്ടരാണ്.**

പ്പിച്ചുകൊടുക്കുന്നത്. പല നാടുകളിലേക്കും പ്രബോധകരെ അയക്കാൻ വേണ്ടി ഇവർ സർവകലാശാലകളും നടത്തുന്നുണ്ട്.

**സൈദിയ്യ**

അലി(റ)യുടെ മകൻ ഹുസൈൻ(റ)വിന്റെ പൗത്രൻ സൈദിന്റെ അനുയായികളാണ് സൈദിയ്യ എന്ന പേരിലറിയപ്പെടുന്നത്. സൈദിനോട് അബുബക്റി(റ)നെയും ഉമറി(റ)നെയും കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം അവരെക്കുറിച്ചെല്ലാം തൃപ്തികരമായിട്ടാണ് മറുപടി പറഞ്ഞത്. ഇതു കേട്ട ഒരു വിഭാഗം അദ്ദേഹത്തെ നിരസിക്കുകയും അവർ റാഫിദിയ്യ (നിരസിച്ചവർ) എന്ന പേരിൽ സൈദിയ്യാക്കളിൽനിന്നും വേർപിരിയുകയും ചെയ്തു. സൈദിയ്യാക്കളുടെ വിശ്വാസപ്രകാരം ഫാത്വിമ(റ)യുടെ സന്താന പരമ്പരക ളിലാണ് ഇമാമുകൾ ഉണ്ടാകേണ്ടത്. സൈദിയ്യാക്കൾ അബൂബക്ർ(റ), ഉമർ(റ), ഉസ്മാൻ(റ), ത്വൽഹ(റ), സുബൈർ(റ), ആഇശ(റ) എന്നിവരെക്കുറിച്ചെല്ലാം സംതൃപ്തരാണ്. എന്നാൽ അവരിലധികം പേരും സ്വഹാബികളെ അധിക്ഷേപിക്കുന്നവരാണ്. ഉത്തമ സ്വഹാബിമാരിൽ പെട്ട അബുഹുറയ്റ(റ) ഇവർക്ക് സ്വീകാര്യനല്ല, കാരണം അവരുടെ താത്പര്യങ്ങൾക്കെതിരായ ചില ഹദീസുകൾ അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൈദിയ്യാക്കളുടെ വിശ്വാസമനുസരിച്ച് ഫാത്വിമ(റ)യും അലി(റ)യും ഹുസൈനും(റ) പാപസുരക്ഷിതത്വമുള്ളവരാണ്.

**സൈദിയ്യയിലെ വിഭാഗങ്ങൾ**

സൈദിയ്യാക്കൾ പല വിഭാഗമായി വേർപിരിഞ്ഞിട്ടുണ്ട്. ജാറൂദിയ്യ, സുലൈമാനിയ്യ, ബതരിയ്യ, നഈമിയ്യ, യഅ്കൂബിയ്യ എന്നിവയാണ് അതിൽ പ്രധാനപ്പെട്ടത്. ഇമാമിയ്യ കക്ഷിയിലെ ബർസിയുടെ അഭിപ്രായത്തിൽ അവർ പതിനഞ്ചു വിഭാഗമാണ്. ബതരിയാക്കളുടെ വിശ്വാസ പ്രകാരം നബി(സ്വ)ക്കു ശേഷം അലി(റ)യാണ് ഏറ്റവും ശ്രേഷ്ഠനും ഇമാമത്തിന് അർഹനും. എന്നാൽ അദ്ദേഹം അബൂബക്റി(റ)നും ഉമറി(റ)നും ബൈഅത്ത്(അനുസരണ ഉടമ്പടി) ചെയ്തതിൽ തെറ്റില്ല എന്ന് ഇവർ വിശ്വസിക്കുന്നു. അത് ഒരാൾക്ക് അർഹതപ്പെട്ട അവകാശം മറ്റൊരാൾക്ക് സ്വമേധയാ വിട്ടുകൊടുക്കുന്നതിന് തുല്യമാണ് എന്നതാണ് അതിനു നൽകുന്ന വിശദീകരണം.

**റാഫിദിയ്യ**

'ജഅ്ഫരിയ്യ,' 'ഇസ്നാ അശരിയ്യ,' 'ഇമാമിയ്യ' എന്നീ പേരുകളിലും ഇവർ അറിയപ്പെടുന്നുണ്ട്. 'ഇമാമിയ്യ' എന്ന പേരിനു കാരണം അവർ ഇമാമിനെ അനിവാര്യമായിക്കാണുകയും എല്ലാ കാലഘട്ടത്തിലും ഇമാം ഉദയം ചെയ്യുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതാണ്. ഓരോ ഇമാമിനും പൂർണതയും പാപസുരക്ഷിതത്വവുമുണ്ടാകുമെന്നും ഇവർ വിശ്വസിക്കുന്നു. പിന്നീട് അവർ ഇമാമത്ത് ഹുസൈനുബിൻ അലിയുടെ സന്താനപരമ്പരയിൽ മാത്രം പരിമിതപ്പെടുത്തി. ഇക്കൂട്ടർ 'ഇസ്നാ അശരിയ്യ' എന്ന് അറിയപ്പെടാൻ കാരണം നബി(സ്വ)ക്കുശേഷം പന്ത്രണ്ട് ഇമാമുമാർ ഉണ്ടാകും എന്ന അവരുടെ വിശ്വാസമാണ്.

ലോകത്തുള്ള ശിയാക്കളുടെ എണ്ണത്തിന് ഔദ്യോഗിക കണക്കുകളൊന്നുമില്ല. എണ്ണം പെരുപ്പിച്ചു കാണിക്കാനും ശ്രദ്ധേയരായ മുസ്‌ലിം പണ്ഡിതന്മാർ തങ്ങളുടെതാണെന്ന് അവകാശപ്പെടാനും അവർ ശ്രമിക്കാറുണ്ട്. സുന്നികളെക്കുറിച്ച് വികലമായ ധോരണികൾ പഠിപ്പിക്കപ്പെടുന്നതുകൊണ്ട് ശിയാക്കൾ സുന്നികളുടെ വിശ്വാസ പ്രമാണങ്ങളെക്കുറിച്ച് പഠിക്കാൻ തയ്യാറാകാറില്ല.

*(തുടരും)*



# വാക്കുകൾ സൂക്ഷിക്കുക

നൗഫൽ ചെറുമുക്ക്
: +971 56 128 7529

മനുഷ്യന് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹങ്ങളിൽപെട്ട ഒന്നാണ് സംസാരശേഷി എന്നത്. നാവിനെ നിയന്ത്രിക്കൽ സവിശേഷമായ ഒരു ആരാധനാകർമമായിത്തന്നെ പഠിപ്പിക്കപ്പെട്ടതാണ്. നാവിലൂടെ പുറത്തുവരുന്ന വാക്കുകൾക്ക് ഒരേസമയം ഹൃദയങ്ങളെ ആശ്വസിപ്പിക്കാനും തകർക്കാനും സാധിക്കും. 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലതു പറയുക, അല്ലെങ്കിൽ മിണ്ടാതിരിക്കുക' എന്ന നബിവചനം, നാം ഉരുവിടുന്ന ഓരോ വാക്കും സൂക്ഷ്മതയോടെയായിരിക്കണം എന്ന സന്ദേശമാണു നൽകുന്നത്.

ഗ്രീക്ക് തത്ത്വചിന്തകനായ സോക്രട്ടീസിന്റെ The Triple Filter Test എന്ന ആശയം ശ്രദ്ധേയമാണ്. മറ്റുള്ളവരെക്കുറിച്ച് എന്തെങ്കിലും പറയുന്നതിനു മുമ്പ് നമ്മൾ സ്വയം ചോദിക്കേണ്ടുന്ന മൂന്നു ചോദ്യങ്ങളാണ് അദ്ദേഹം പരിചയപ്പെടുത്തുന്നത്. സംസാരം ആരംഭിക്കുന്നതിന്റെ മുന്നേ 3 അരിപ്പകളിലൂടെ വിശകലനം ചെയ്യണമെന്നാണ്.

1. സത്യത്തിന്റെ അരിപ്പ (The Filter of Truth): പറയാൻ പോകുന്ന കാര്യം പൂർണമായും സത്യമാണെന്ന് ഉറപ്പുവരുത്തുക. സത്യമല്ലാത്തതോ തനിക്ക് അറിയാത്തതോ ആയ കാര്യങ്ങൾ കേവലം കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ പറയാതിരിക്കുക.
2. നന്മയുടെ അരിപ്പ (The Filter of Goodness): പറയാൻ പോകുന്നതു നല്ല കാര്യമാണോ അതല്ല മോശം കാര്യമാണോ എന്നു വിശകലനം നടത്തുക.
3. പ്രയോജനത്തിന്റെ അരിപ്പ (The Filter ofUsefulness)): പറയുന്ന കാര്യംകൊണ്ട് പറയുന്ന എനിക്കോ കേൾക്കുന്നയാൾക്കോ എന്തെങ്കിലും പ്രയോജനമുണ്ടോ എന്നു പരിശോധിക്കുക. പ്രയോജനമില്ലാത്തതു പറയാതിരിക്കുക.

സോഷ്യൽ മീഡിയ ഗോസിപ്പുകളുടെയും അപവാദ പ്രചാരണങ്ങളുടെയും കാലത്ത് ഈ സ്വയം പരിശോധന ആത്മനിയന്ത്രണത്തിന് ഏറെ സഹായകമാകും. സംസാരം നന്നാക്കുന്നതിനെ കേവലം സാമൂഹിക മര്യാദ എന്നതിനപ്പുറം ഈമാനിന്റെ അടയാളമായാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ആദ്യം ഹൃദയം നന്നാക്കണം. കാരണം നാവ് ഹൃദയത്തിന്റെ ദൂതനാണ്. ഹൃദയത്തിലുള്ളതാണു സംസാരത്തിലൂടെ പ്രതിഫലിക്കുക.

ഒരു വാർത്ത മറ്റൊരാളോടു പറയുന്നതിനു മുമ്പ് നിർബന്ധമായും ഒരു വിശ്വാസി അതിന്റെ നിജസ്ഥിതി പരിശോധിക്കുകയും അതു പറഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാനാകുകയും വേണം. തന്റെ ഇടപെടൽ ബന്ധം ശക്തമാക്കാനല്ലാതെ തകർക്കാനാകരുത് എന്ന ജാഗ്രത മനസ്സിൽ സൂക്ഷിക്കുമ്പോൾ അനാവശ്യ സംസാരവും പരദൂഷണവും വഴക്കും സ്വാഭാവികമായും കുറയും. പരദൂഷണം മനസ്സിനെ വിഷമാക്കുന്ന ശീലമാണ്. മറ്റൊരാളുടെ അഭാവത്തിൽ അവർക്ക് ഇഷ്ടമാകാത്ത കാര്യം പറയുന്നതാണ് ഖുർആൻ കർശനമായി നിരോധിച്ച 'ഗീബത്' എന്നത്.

സംസാരിക്കുന്നയാളിൽ അഹങ്കാരവും നെഗറ്റീവ് ചിന്തകളും വളരുന്നു, കേൾക്കുന്നയാളിൽ സംശയവും അവിശ്വാസവും ഉയരുന്നു, ഇരയായ വ്യക്തിയിൽ മാനസികവേദനയും ബന്ധവിച്ഛേദവും ഉണ്ടാകുന്നു, കുടുംബത്തിലും സമൂഹത്തിലും വിശ്വാസത്തിന്റെ അടിത്തറ തകരുന്നു തുടങ്ങിയ വൈയക്തിവും സാമൂഹികവും കുടുംബപരവുമായ ധാരാളം ദുഷ്ഫലങ്ങൾക്ക് ഇത് വഴിയൊരുക്കുന്നു.

ആവശ്യമുള്ളിടത്ത് മാത്രം സംസാരിക്കുകയും അല്ലാത്തിടത്ത് മൗനം പാലിക്കുകയും ചെയ്യുന്നത് ശക്തമായ നിലപാടിന്റെ അടയാളമാണ്, ബലഹീനതയല്ല. കുടുംബബന്ധങ്ങളുടെ അടിത്തറ നിലനിർത്തുന്നതിൽ വാക്കുകൾക്ക് അനിർവചനീയമായ പങ്കുണ്ട്. മിക്ക കുടുംബകലഹങ്ങളും വലിയ കാരണങ്ങളിൽ നിന്നല്ല; ശ്രദ്ധയില്ലാത്ത ചെറിയ വാക്കുകളിൽനിന്നാണ് തുടങ്ങാറുള്ളത്. മനുഷ്യനെ നരകത്തിലെത്തിക്കുന്ന അവയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് നാവ് എന്ന ഇസ്‌ലാമികാധ്യാപനം മറക്കാതിരിക്കുക. ■





പല സ്ത്രീകളുടെയും ഉറക്കിൽനിന്ന് എഴുന്നേറ്റതു മുതലുള്ള ചിന്ത ഇന്നു പുറത്തു പോകുമ്പോൾ ആളുകൾ എന്നിൽ ആകൃഷ്ടരാകാൻ എങ്ങനെയൊക്കെ ശരീരത്തെ മോഡി പിടിപ്പിക്കണം എന്നതാണ്. സമ്പന്നർ അതിനായി ബ്യൂട്ടിപാർലറിൽ പോകുന്നു. സാധാരണക്കാർ സ്വയം മുഖകാന്തി വർധിപ്പിക്കാനുള്ള വഴികൾ തേടുന്നു. ഓരോ ദിവസവും ധരിക്കുന്ന വസ്ത്രത്തിന്റെ നിറത്തിനനുസരിച്ചുള്ള ലിപ്സ്റ്റിക്കുകൾ ഉപയോഗിക്കുന്നു. അല്ലാതെ പുറത്തിറങ്ങുന്നത് പലർക്കും ഓർക്കാൻ പോലും കഴിയാത്ത കാര്യമാണ്.

ഒരു മുസ്‌ലിം സ്ത്രീയും ഇങ്ങനെയായിക്കൂടാ. പരപുരുഷന്മാരെ ആകർഷിക്കുന്ന വിധത്തിൽ ശരീര സൗന്ദര്യം പ്രകടിപ്പിക്കുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. മുഖകാന്തിയും അംഗലാവണ്യവുമല്ല; മനസ്സിന്റെ സൗന്ദര്യമാണ് ഒരു വ്യക്തിയെ ഉത്തമനാക്കുന്നത്. ധർമനിഷ്ഠ (തക്‌വ) പാലിച്ചുള്ള ജീവിതത്തെക്കാൾ മനുഷ്യനെ മനോഹരമാക്കുന്ന ഒന്നു

# വസ്ത്രം മറയ്ക്കാനുള്ളതാണ്, മറക്കാനുള്ളതല്ല

ഷജീന സ്വലാഹിയ്യ

മുഖകാന്തിയും അംഗലാവണ്യവുമല്ല; മനസ്സിന്റെ സൗന്ദര്യമാണ് ഒരു വ്യക്തിയെ ഉത്തമനാക്കുന്നത്. ധർമനിഷ്ഠ പാലിച്ചുള്ള ജീവിതത്തെക്കാൾ മനഷ്യനെ മനോഹരമാക്കുന്ന ഒന്നുമില്ല. അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ചുകൊണ്ടുള്ള ജീവിതമാണ്, നല്ല സ്വഭാവമാണ് ഏറ്റവും വലിയ സൗന്ദര്യം. മുഖപ്രസന്നത, കരുണ, വിനയം, ക്ഷമ, സ്നേഹം...ഇതൊക്കെയാണ് ഒരു വ്യക്തിയുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നത്. ഒരു മനുഷ്യനെക്കുറിച്ച് ആളുകൾ പലപ്പോഴും അവന്റെ വസ്ത്രധാരണം നോക്കിയാണ് വിലയിരുത്തുക എന്നത് ഇതിനോടൊപ്പം കൂട്ടിവായിക്കുക.

മില്ല. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു" (ക്വുർആൻ 49:13).

നബി(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കോ സമ്പത്തുകളിലേക്കോ അല്ല നോക്കുന്നത്; എന്നാൽ അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവൃത്തികളിലേക്കുമാണ്' (മുസ്‌ലിം). ചിന്താഗതികളും പ്രവർത്തനങ്ങളും മോശമാണെങ്കിൽ ബാഹ്യസൗന്ദര്യം കൊണ്ട് എന്തു കാര്യം?

വൃത്തിയില്ലാതെയും നല്ല വസ്ത്രം ഉണ്ടായിട്ടും അത് ധരിക്കാതെയും നടക്കാൻ ഇസ്‌ലാം അനുശാസിക്കുന്നില്ല. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ നമുക്കു കാണാം: "തീർച്ചയായും അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുന്നു." എന്നാൽ അഹങ്കാര പ്രകടനമോ അമിതമായ അലങ്കാരമോ പാടില്ല. വൃത്തി വേണം. മാന്യമായ രീതിയിൽ വസ്ത്രം ധരിക്കണം.

അല്ലാഹു സ്ത്രീകളോട് പ്രത്യേകം ഉണർത്തുന്നുണ്ട്; ദൃഷ്ടി താഴ്ത്തുവാനും ലജ്ജയും മാന്യതയും കാത്തുസൂക്ഷിക്കുവാനും (ക്വുർആൻ 24:31).

അതെ, അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ചുകൊണ്ടുള്ള ജീവിതമാണ്, നല്ല സ്വഭാവമാണ് ഏറ്റവും വലിയ സൗന്ദര്യം. മുഖപ്രസന്നത, കരുണ, വിനയം, ക്ഷമ, സ്നേഹം...ഇതൊക്കെയാണ് ഒരു വ്യക്തിയുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്നത്. ഒരു മനുഷ്യനെക്കുറിച്ച് ആളുകൾ പലപ്പോഴും അവന്റെ വസ്ത്രധാരണം നോക്കിയാണ് വിലയിരുത്തുക എന്നത് ഇതിനോടൊപ്പം കൂട്ടിവായിക്കുക.

"ആദം സന്തതികളേ, നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യസ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാര വസ്ത്രവും നൽകിയിരിക്കുന്നു...'' (ക്വുർആൻ 7:26). ദൈവബോധവും ധാർമികതയും ജീവിച്ചിരിപ്പുണ്ടെന്ന് സമൂഹത്തോട് നിശ്ശബ്ദമായി പ്രഖ്യാപിക്കലും മാന്യതയുടെ അടയാളവുമാണ് ഇസ്‌ലാമിക വസ്ത്രധാരണ രീതി.

ഫാഷൻ ഭ്രമം പിടികൂടിയും മോഡലുകളുടെ അടിമകളായും ട്രെന്റുകൾ മാറുന്നതനുസരിച്ച് വസ്ത്രങ്ങൾ വാങ്ങിക്കൂട്ടാൻ വ്യഗ്രത കാണിക്കുന്ന, എന്നാൽ അതിനുള്ള വരുമാനമില്ലാത്ത ചിലരുണ്ട്. അസാൻമാർഗിക പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടാണെങ്കിലും അവർ അതിനുള്ള പണം കണ്ടെത്തും!

ഇസ്‌ലാമിക വസ്ത്രധാരണരീതി മനുഷ്യനെ ഫാഷന്റെ അടിമയാക്കുന്നില്ല; അൽപവസ്ത്രം ധരിക്കലാണ് പരിഷ്കാരമെന്നു പഠിപ്പിക്കുന്നില്ല. വസ്ത്രം ധരിക്കുന്നതിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം നഗ്നത മറയ്ക്കലാണ്. മറച്ചാലും മുഴച്ചുകാണുന്നതും നിഴലിച്ചു കാണുന്നതുമായ വസ്ത്രം ധരിക്കുന്നത് വസ്ത്രം ധരിക്കുന്നതിന്റെ ലക്ഷ്യത്തിനെതിരാണ്. സ്ത്രീകളും പുരുഷന്മാരും പാലിക്കേണ്ട ഇസ്‌ലാമിക നിയമങ്ങളാണ് ഇതെല്ലാം.




# ഋതുമതിയാകുമ്പോൾ

ഡോ. റഫീദ കെ.

**നേരത്തെയും വൈകിയുമുള്ള ആർത്തവം**

ആദ്യത്തെ ആർത്തവം എല്ലാ പെൺകുട്ടികൾക്കും ഒരേ പ്രായത്തിൽ ആരംഭിക്കണമെന്നില്ല. ശരീ രവളർച്ച, ജനിതക ഘടകങ്ങൾ, പോഷണം, ശരീരഭാരം, ഹോർമോൺ വ്യതിയാനങ്ങൾ തുടങ്ങിയവ ആരംഭിക്കുന്ന സമയത്തെ സ്വാധീനിക്കാം.

സാധാരണയായി പ്രായപൂർത്തിയാകലിന്റെ മറ്റു ലക്ഷണങ്ങൾ വന്നതിനുശേഷമാണ് ആദ്യത്തെ ആർത്തവം ആരംഭിക്കുന്നത്.

15 വയസ്സായിട്ടും ആർത്തവം ആരംഭിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽ സ്തനവളർച്ച പോലുള്ള പ്രായപൂർത്തിയാകലിന്റെ ലക്ഷണങ്ങൾ ആരംഭിച്ച് ഏകദേശം 3 വർഷമായിട്ടും ആർത്തവം വന്നിട്ടില്ലെങ്കിൽ, ഡോക്ടറുടെ പരിശോധന ആവശ്യമാണ്.

വളരെ കുറച്ചു മാത്രം ഭക്ഷണം കഴിക്കൽ, അമിതമായ വ്യായാമം, പോഷകക്കുറവ്, ചില ഹോർമോൺ പ്രശ്നങ്ങൾ തുടങ്ങിയവയും ആർത്തവം വൈകാൻ കാരണമാകാം.

8 വയസ്സിനു മുമ്പ് ആർത്തവം ആരംഭിക്കുന്നത് സാധാരണയായി നേരത്തെയുള്ള പ്രായപൂർത്തിയാകലിന്റെ (precocious puberty) ഒരു സൂചനയായി കണക്കാക്കാം. അതിനാൽ ഇത് അവഗണിക്കാതെ കുട്ടിയെ ശിശുരോഗവിദഗ്ധനെയോ ഹോർമോൺ വിദഗ്ധനെയോ (എൻഡോക്രൈനോളജിസ്റ്റ്) കാണിക്കുന്നത് നല്ലതാണ്. സ്തനവളർച്ച, ഗുഹ്യരോമം, ശരീരദുർഗന്ധം തുടങ്ങിയ മാറ്റങ്ങൾ 8 വയസ്സിനു മുമ്പു തുടങ്ങുകയാണെങ്കിൽ ഡോക്ടറുടെ വിലയിരുത്തൽ ആവശ്യമാണ്. വളർച്ചയുടെ വേഗത, അസ്ഥി വളർച്ച, ഹോർമോൺനില എന്നിവ ഡോക്ടർ ആവശ്യാനുസരണം പരിശോധിച്ചേക്കാം.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ രക്ഷിതാക്കൾ കുട്ടിയെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുകയോ പരിഹസിക്കുകയോ ചെയ്യാതെ സ്നേഹത്തോടെയും ആത്മവിശ്വാസത്തോടെയും പിന്തുണക്കണം. എല്ലാ കുട്ടികളിലും കാരണം ഒരുപോലെയായിരിക്കണമെന്നില്ല; അതിനാൽ സ്വയം ചികിത്സിക്കുകയോ ഭയപ്പെടുകയോ ചെയ്യേണ്ടതില്ല.

**എപ്പോൾ വൈദ്യസഹായം തേടണം?**

ആദ്യ 12 വർഷങ്ങളിൽ ഹോർമോൺ വ്യതിയാനങ്ങൾ കാരണം ആർത്തവം ചിലപ്പോൾ നേരത്തെയോ വൈകിയോ വരാം. ഇതു പലപ്പോഴും സ്വാഭാവികമാണ്. എന്നാൽ താഴെപ്പറയുന്ന സാഹചര്യങ്ങളിൽ ഡോക്ടറുടെ ഉപദേശം തേടുന്നത് നല്ലതാണ്:

- തുടർച്ചയായി 90 ദിവസത്തിലധികം ആർത്തവം വരാതിരിക്കുക.
- ആർത്തവം 7 ദിവസത്തിലധികം നീണ്ടുനിൽക്കുക.
- വളരെ അമിതമായ രക്തസ്രാവം ഉണ്ടാകുക.
- കഠിനമായ വയറുവേദന കാരണം സാധാരണ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാതിരിക്കുക.
- അമിതമായ ക്ഷീണം, തലചുറ്റൽ, വിളർച്ച തുടങ്ങിയ അനീമിയയുടെ ലക്ഷണങ്ങൾ ഉണ്ടാകുക.
- ക്രമരഹിതമായ ആർത്തവത്തോടൊപ്പം അമിതമായ രോമവളർച്ച, കടുത്ത മുഖക്കുരു, ഭാരം പെട്ടെന്ന് കൂടുകയോ കുറയുകയോ ചെയ്യുക.

**രക്ഷിതാക്കളുടെ സമീപനം**

ആദ്യത്തെ ആർത്തവത്തോടുള്ള രക്ഷിതാക്കളുടെ സമീപനം കുട്ടിയുടെ മനോഭാവത്തെ ഏറെ സ്വാധീനിക്കും. ചില രക്ഷിതാക്കൾ 'ഇതൊക്കെ സാധാരണ കാര്യമല്ലേ' എന്നു പറഞ്ഞ് കുട്ടിയുടെ ഭയവും സംശയങ്ങളും വേണ്ടത്ര ഗൗരവത്തോടെ കാണാതെപോകുന്നു. മറുവശത്ത്, ചിലർ അമിതമായ നിയന്ത്രണങ്ങളും ഭയപ്പെടുത്തലുകളും ഏർപ്പെടുത്തി കുട്ടിക്ക് ആർത്തവംതന്നെ ഒരു വലിയ പ്രശ്നമാണെന്ന തോന്നലുണ്ടാക്കുന്നു.

ഇതു രണ്ടും ശരിയായ സമീപനമല്ല. ശരിയായ അറിവോടെയുള്ള സ്വാഭാവിക സമീപനമാണു വേണ്ടത്. ആർത്തവം സ്വാഭാവികമാണെന്നു കുട്ടിയെ ബോധ്യപ്പെടുത്തുന്നതിനൊപ്പം, അവൾക്കുണ്ടാകുന്ന വേദന, ക്ഷീണം, മാനസിക അസ്വസ്ഥതകൾ എന്നിവ ശ്രദ്ധിക്കുകയും ആവശ്യമായ പരിചരണം നൽകുകയും വേണം.

മാതാപിതാക്കൾ, പ്രത്യേകിച്ച് ഉമ്മമാർ മകളുമായി തുറന്ന സംഭാഷണത്തിനു സമയം കണ്ടെത്തണം. 'ഇത് എല്ലാ സ്ത്രീകൾക്കും സ്വാഭാവികമായി സംഭവിക്കുന്ന ഒരു മാറ്റമാണ്' എന്നു പറഞ്ഞ് കുട്ടിക്ക് ആത്മവിശ്വാസം നൽകണം. ശരീരത്തിലെ മാറ്റങ്ങൾ, ശുചിത്വം, ഇസ്‌ലാമിക നിർദേശങ്ങൾ, ആവശ്യമായ ആരോഗ്യപരിചരണം എന്നിവയെക്കുറിച്ച് പ്രായത്തിനനുയോജ്യമായ ഭാഷയിൽ മുൻകൂട്ടി പറഞ്ഞുകൊടുക്കുന്നത് ആദ്യത്തെ ആർത്തവത്തെക്കുറിച്ചുള്ള ഭയം ഇല്ലാതാക്കും. 'സാധാരണമാണ്' എന്നു പറഞ്ഞ് അവഗണിക്കാതെയും 'വലിയ പ്രശ്നമാണ്' എന്നു പറഞ്ഞ് ഭയപ്പെടുത്താതെയും അറിഞ്ഞു, കേട്ടു കരുതലോടെ സമീപിക്കുക എന്നതാണ് ഏറ്റവും ഉചിതമായ രക്ഷാകർതൃസമീപനം. കുട്ടിയുടെ ശരീരഘടനയും ആരോഗ്യ/രോഗസ്ഥിതികളും കണക്കിലെടുക്കാതെ ഒരു ചടങ്ങായി എന്തൊക്കെയോ ഭക്ഷണ ങ്ങളും മരുന്നുകളും തീറ്റിക്കുന്നതും ശരിയല്ല. ഇതുമായി ബന്ധപ്പെട്ട അനാചാരങ്ങളും നിരുത്സാഹപ്പെടുത്തേണ്ടതുതന്നെയാണ്.

ഒരു പെൺകുട്ടിയുടെ ആദ്യത്തെ ആർത്തവം അവളുടെ സ്ത്രീത്വത്തിലേക്കുള്ള മനോഹരമായ ഒരു ചുവടുവയ്പ്പാണ്. ശരിയായ അറിവും കരുതലും ഇസ്‌ലാമിക ബോധവും നൽകാൻ കഴിഞ്ഞാൽ ഈ മാറ്റം ഭയത്തിനു പകരം ആത്മവിശ്വാസത്തിന്റെയും ഉത്തരവാദിത്തബോധത്തിന്റെയും തുടക്കമായി മാറും. അല്ലാഹു നൽകിയ ഈ അനുഗ്രഹത്തെ നന്ദിയോടെയും വിശുദ്ധിയോടെയും സ്വീകരിക്കാൻ നമ്മുടെ പുതുതലമുറയെ നാം പ്രാപ്തരാക്കണം. ■



# ഖാൻഖാഹുകളുടെ രൂപീകരണം

മുഹമ്മദ് ഫയാസ്, നാദാപുരം

അങ്ങനെ തസ്വവ്വുഫ് രഹസ്യമായി വ്യാപിക്കാൻ തുടങ്ങി. 'ഒരു രഹസ്യ അന്തരീക്ഷത്തെക്കാൾ കൂടുതൽ ഒരു ആശയത്തിനും വളരാൻ പറ്റിയ വേറെ സാഹചര്യമില്ല; നിങ്ങൾ രഹസ്യമായി പ്രവർത്തിക്കുക, നിങ്ങൾ എന്താണു ചെയ്യുന്നതെന്ന് ആർക്കും അറിയരുത്, പരസ്യമായി ചിന്തിച്ച് ഹല്ലാജിനെപ്പോലെ കൊല്ലപ്പെടരുത്.'

അക്കാലത്ത് സ്വൂഫികൾ തങ്ങളുടെ രഹസ്യ സംവിധാനങ്ങൾ വികസിപ്പിച്ചു. അതിന് നേതൃത്വം നൽകിയത് വടക്കു-കിഴക്കൻ ഇറാനിലെ നൈസാപൂരിൽനിന്നുള്ള പ്രമുഖ

**സ്വൂഫികൾക്കിടയിൽ ശൈഖ് എന്നത് സാധാരണക്കാരിലൊരാളല്ല, ശൈഖ് 'ശൈഖ് മുറബ്ബി' (വഴിനടത്തുന്ന ഗുരു) എന്ന പദവിയിലേക്ക് ഉയർന്നു. പലപ്പോഴും ശൈഖ് തനിക്ക് മറ്റാർക്കും കാണാൻ കഴിയാത്ത 'കറാമത്തുകളും' (അത്ഭുതങ്ങൾ) 'മുകാശഫാത്തുകളും' (ദിവ്യബോധനങ്ങൾ) ഉണ്ടെന്ന് അവകാശപ്പെട്ടു. ഇറാഖ്, ഈജിപ്ത്, മഗ്‌രിബ് (നോർത്ത് ആഫ്രിക്ക) എന്നിവിടങ്ങളിൽ സ്വൂഫി ത്വരീഖത്തുകൾ വ്യാപകമായി പ്രചരിച്ചു.**

സ്വൂഫിയായ അബൂ സഈദ് അൽമൈഹനിയായിരുന്നു. അദ്ദേഹം അവിടെ 'ഖാൻഖാഹുകൾ' അല്ലെങ്കിൽ 'തകിയകൾ' (സ്വൂഫി മഠങ്ങൾ) എന്ന സംവിധാനം വികസിപ്പിച്ചു. സ്വൂഫികൾ ഒത്തുകൂടുന്ന സ്ഥലങ്ങളായിരുന്നു അവ; അവിടെ ആരാധനയ്ക്കായി ഒരു വലിയ ഹാളും മുരീദുകൾക്ക് താമസിക്കാൻ കിടപ്പുമുറികളും ഉണ്ടായിരുന്നു.

രഹസ്യാത്മകതയുടെയും ഒളിച്ചുവെക്കലിന്റെയും ആശയത്തെ സേവിക്കുന്നതിനായി പ്രത്യേകം സ്ഥാപിതമായ സ്ഥലമായിരുന്നു അത്. ഇത് തസ്വവ്വുഫിന് കൂടുതൽ വ്യാപിക്കാൻ സഹായകരമായി. തകിയകളിൽ അവർക്കു ലഭിച്ച സുരക്ഷിതത്വം അവർ ആഗ്രഹിക്കുന്നതെല്ലാം പ്രവർത്തിക്കാനും തങ്ങളുടെ വിശ്വാസങ്ങളെക്കുറിച്ച് പരസ്യമായി സംസാരിക്കാനും അവരെ സഹായിച്ചു.

കാരണം അവരുടെ മേൽ ആരുടെയും നോട്ടം ഉണ്ടായിരുന്നില്ല.

**ത്വരീഖത്തുകളുടെ കടന്നുവരവ്**

ഈ കാലഘട്ടത്തിലുടനീളം സ്വൂഫിസം സുഹ്ദിന്റെ (ഭൗതികവിരക്തി) വസ്ത്രമല്ലാതെ മറ്റൊന്നും ധരിച്ചിരുന്നില്ല. ഹിജ്റ നാലാം നൂറ്റാണ്ടിന്റെ പകുതിയിൽ എത്തിയപ്പോൾ സ്വൂഫിസത്തിൽ വലിയൊരു മാറ്റവും വികാസവുമുണ്ടായി. അത് വെറുമൊരു ആരാധനാരീതി, വ്യക്തിപരമായ വിശ്വാസം എന്നതിൽനിന്നു തികച്ചും പുതിയൊരു ഘട്ടത്തിലേക്ക് മാറി; നമ്മൾ പറയുന്ന 'സ്വൂഫി ത്വരീഖത്തുകൾ' (പാതകൾ) പ്രത്യക്ഷപ്പെടാൻ തുടങ്ങി. സ്വൂഫികളിലെ ഓരോ വലിയ ശൈഖിനും അവരുടെതായ പ്രത്യേക പാതയും അനുയായികളുമുണ്ടായി.

ഈ ആശയം വിചിത്രവും മനസ്സിലാകാത്തതുമായിരുന്നു. കാരണം സ്വൂഫികൾക്കിടയിൽ ശൈഖ് എന്നത് സാധാരണക്കാരിലൊരാളല്ല, ശൈഖ് 'ശൈഖ് മുറബ്ബി' (വഴിനടത്തുന്ന ഗുരു) എന്ന പദവിയിലേക്ക് ഉയർന്നു. പലപ്പോഴും ശൈഖ് തനിക്ക് മറ്റാർക്കും കാണാൻ കഴിയാത്ത 'കറാമത്തുകളും' (അത്ഭുതങ്ങൾ) 'മുകാശഫാത്തുകളും' (ദിവ്യബോധനങ്ങൾ) ഉണ്ടെന്ന് അവകാശപ്പെട്ടു. ഇറാഖ്, ഈജിപ്ത്, മഗ്‌രിബ് (നോർത്ത് ആഫ്രിക്ക) എന്നിവിടങ്ങളിൽ സ്വൂഫി ത്വരീഖത്തുകൾ വ്യാപകമായി പ്രചരിച്ചു.

രണ്ടു നൂറ്റാണ്ടുകൾ കൂടി കടന്നുപോയി. ഹിജ്റ ആറാം നൂറ്റാണ്ടിലെത്തിയപ്പോൾ, ഒരു കൂട്ടം സ്വൂഫി പ്രമുഖർ പ്രത്യക്ഷപ്പെട്ടു. അവരിൽ ഓരോരുത്തരും തങ്ങൾ പ്രവാചകന്റെ പരമ്പരയിൽ (അഹ്‌ലുൽ ബൈത്ത്) പെട്ടവരാണെന്ന് അവകാശപ്പെടാൻ തുടങ്ങി. ഈയൊരു

അവകാശവാദത്തിന് വലിയൊരു മാന്ത്രികശക്തിയുണ്ടെന്ന് അവർ കണ്ടെത്തി; ഇത് അനുയായികളുടെയും മുരീദുകളുടെയും അടുക്കൽ ശൈഖ് പറയുന്ന ഓരോ വാക്കിനും പവിത്രത നൽകാൻ കാരണമായി. പ്രത്യേകിച്ച്, ത്വരീകത്തുകളുടെ ആദ്യകാല ശൈഖുമാർ ഇറാനിൽനിന്നും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിൽനിന്നും ഉള്ളവരായിരുന്നു. അവർ ശീഈ (ശിയാ) വിശ്വാസങ്ങളിലേക്ക് തിരിഞ്ഞവരായിരുന്നു. ശിയാക്കൾ പ്രവാചകന്റെ കുടുംബത്തോടുള്ള സ്നേഹത്തിൽ അങ്ങേയറ്റം അതിരുകടക്കുന്നവരാണ്, അവരിൽ ചിലർ ആരാധനയുടെ ഘട്ടം വരെ എത്തുന്നവരുമുണ്ട്.

ശൈഖിന്റെ പരമ്പര പ്രവാചകനിലേക്ക് എത്തുന്നു എന്ന ആശയം വളരെ മികച്ചൊരു തന്ത്രമായിരുന്നു. ഇതേ ആശയം ഇസ്‌ലാമിക ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിക്കാൻ തുടങ്ങി. ഓരോരുത്തരും തങ്ങൾക്ക് പ്രത്യേക ത്വരീകത്തുകൾ സ്ഥാപിക്കുകയും അവർക്ക് ചുറ്റും അനുയായികളും മുരീദുകളും ഉണ്ടാവുകയും ചെയ്തു; ബഗ്ദാദിലെ രിഫാഈ, ഈജിപ്തിലെ ബദവി, ശാദിലി എന്നിവരെപ്പോലെ. ത്വരീകത്തിന്റെ ശൈഖ് പ്രവാചകനിലേക്ക് എത്തുന്ന പരമ്പരയുള്ള 'ശരീഫ്' ആയിരിക്കണം എന്നത് നിർബന്ധമായിരുന്നു.

കാലക്രമേണ സ്വൂഫി ത്വരീകത്തുകൾ കൂടുതൽ വ്യാപിക്കുകയും അതിൽനിന്നും മറ്റു ശാഖകൾ ഉണ്ടാവുകയും ചെയ്തു. 'ദർവീശുകളും' 'മജ്ദൂബുകളും' പ്രത്യക്ഷപ്പെടാൻ തുടങ്ങി. ക്വബ്റുകൾക്ക് മുകളിൽ ക്വുബ്ബകൾ പണിയാൻ തുടങ്ങി; പ്രത്യേകിച്ച് ഈജിപ്ത് ഭരിച്ച ഫാത്വിമി ഭരണകാലത്ത്. ഫാത്വിമികൾ തീർച്ചയായും ഒരു ശിയാ ഭരണകൂടമായിരുന്നു, അതിനാൽ അവർ മസാറാത്തുകൾ (തീർഥാടന കേന്ദ്രങ്ങൾ) പണിയുന്നതിനും ആഘോഷങ്ങൾ നടത്തുന്നതിനും കൂടുതൽ പ്രോത്സാഹനം നൽകി. ഇത് സുന്നികൾക്കിടയിൽ സ്വൂഫി ചിന്തകൾ പ്രചരിപ്പിക്കാൻ സഹായിച്ചു.

അങ്ങനെ തുടർന്നുള്ള നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ച് ഹിജ്റ ഒൻപതാം നൂറ്റാണ്ടിലും പത്താം നൂറ്റാണ്ടിലും എത്തിയപ്പോൾ, ആയിരക്കണക്കിന് സ്വൂഫി ത്വരീകത്തുകളുണ്ടായി. അവയെല്ലാം സ്വൂഫി വിശ്വാസത്തിലും മാർഗത്തിലും അധിഷ്ഠിതമായിരുന്നു. അത് ഇസ്‌ലാമിക ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ദശലക്ഷക്കണക്കിന് മുസ്‌ലിംകളെ കീഴടക്കുകയും സ്വാധീനിക്കുകയും ചെയ്തു.

**നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവം**

ആധുനിക ഇസ്‌ലാമിക നവോത്ഥാന കാലഘട്ടത്തിലെത്തിയപ്പോൾ, ഇമാം ഇബ്നു തൈമിയ്യയെപ്പോലെയുള്ള നവോത്ഥാന പണ്ഡിതന്മാർ പ്രത്യക്ഷപ്പെടുകയും അവർ സ്വൂഫിസത്തിലെ പല തെറ്റുകളും കണ്ടെത്തുകയും തൗഹീദിലേക്ക് പ്രബോധനമാരംഭിക്കുകയും ചെയ്തു. ഇബ്നു തൈമിയ്യ(റഹി) നയിച്ച ഈ പ്രസ്ഥാനം പല പ്രദേശങ്ങളിലും സ്വൂഫി ചിന്തകൾ പിൻവാങ്ങാൻ കാരണമായി. എങ്കിലും ആഫ്രിക്കയിലെ ചില ഭാഗങ്ങളിലും ഏഷ്യയിലെ ചില രാജ്യങ്ങളിലും അത് ശക്തമായി തുടർന്നു.

എല്ലാ രാജ്യങ്ങളിലും സ്വൂഫി ചിഹ്നങ്ങൾ നിലനിന്നിരുന്നു. ജനങ്ങളുടെ ഹൃദയങ്ങളിൽനിന്നും അതു നീക്കം ചെയ്യാൻ വലിയ പരിശ്രമം ആവശ്യമായിരുന്നു. കാരണം, തീവ്രമായ രൂപത്തിൽ പടർന്ന സ്വൂഫിസം പിന്നീട് ഒരു പ്രത്യേക വിശ്വാസമായി മാറി. അത് നേരായ ഇസ്‌ലാമിന്റെ വിശ്വാസത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.



# ചുവരുകൾക്കല്ല, മാറ്റം വേണ്ടത് വീടകങ്ങളിലാണ്

റോഷൻ പുനലൂർ
: 85906 13225

മൂകമായ വീടകങ്ങളാണ് ഇന്നു നമുക്കുള്ളത്. എല്ലാവരും തന്റേതായ സ്വകാര്യതയെ മാത്രം തെരഞ്ഞെടുക്കുന്നു. ഓരോരുത്തരും കൈയിൽ മൊബൈൽ ഫോണും ഒരു ഇരിപ്പിടവും മാത്രമായി ഒതുങ്ങിക്കൂടുന്നു. അവധി ദിനങ്ങളിൽ പോലും തമ്മിൽ കാണാനോ സംസാരിക്കാനോ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കാൻ പോലുമോ വീട്ടിലുള്ളവർ സമയം കണ്ടെത്താതെ പോകുന്നു!

വാർധക്യത്തിന്റെ അവശയതയനുഭവിക്കുന്ന, അല്ലെങ്കിൽ രോഗശയ്യയിലായ മാതാപിതാക്കൾക്ക് മക്കളിൽനിന്നു കിട്ടേണ്ട സ്നേഹവും പരിചരണവും കിട്ടുന്നില്ല. സാമ്പത്തിക ശേഷിയുള്ളവരാണെങ്കിൽ ആ ഉത്തരവാദിത്തം ഹോം നഴ്സിനെ ഏൽപിച്ച് രക്ഷപ്പെടുന്നു.

ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങളുടെ മൂലകാരണം മാതാപിതാക്കൾ തന്നെയാണ്; മക്കൾ അതിന്റെ ഇരകളും. പിതാവ് തന്റേതായ തിരക്കുകൾക്കൊണ്ട് നിരുത്തരവാദിത്തത്തോടെ കുടുംബത്തെ സമീപിക്കുമ്പോൾ പ്രശ്നങ്ങൾ താനേ മുളച്ചുപൊന്തും. ഭാര്യയും മക്കളുമായി സമയം ചെലവഴിക്കാൻ സമയം കണ്ടെത്താതിരിക്കുകയും ചെയ്യുമ്പോൾ സന്തുഷ്ട കുടുംബത്തിന്റെ വാതിലുകൾ അടഞ്ഞുതന്നെ കിടക്കും.

ഉമ്മ അല്ലെങ്കിൽ ഭാര്യ ചെയ്യുന്ന ഭാരിച്ച ജോലിയെ മക്കൾ/ഭർത്താവ് പരിഗണിക്കുകയും വിലവയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഭർത്താവും മക്കളും വീട്ടുജോലികളിൽ സഹായിക്കുന്നുവെങ്കിൽ ഒരു സ്ത്രീക്ക് അത് ആശ്വാസം മാത്രമല്ല; വല്ലാത്തൊരു സന്തോഷം നൽകുകയും സ്നേഹം വർധിക്കുകയും ചെയ്യും.

മാതാപിതാക്കൾ ഒരു ദിവസത്തിന്റെ പകുതിയിലേറെ ഭാഗവും തങ്ങളുടെ ജോലിയിൽ മുഴുകി,

മിച്ചം വരുന്ന സമയത്തു ഫോണിലോ ടിവിയിലോ സമയം ചെലവഴിച്ചാൽ മക്കൾ പൂർണമായും ബന്ധമറ്റവരായിത്തീരും. മാതാപിതാക്കളുടെ കണ്ണിൽ തങ്ങൾ വില കുറഞ്ഞവരാണെന്ന ധാരണ മക്കളിൽ രൂപപ്പെട്ടു തുടങ്ങും. അവരുടെ ജീവിതത്തിൽ മാതാപിതാക്കൾക്കും ഇടമില്ലാതാവും. ഒഴിവുസമയങ്ങൾ നന്മ-തിന്മ വേർതിരിവില്ലാതെ സ്വന്തം ഇഷ്ടവിനോദങ്ങൾക്കായി മക്കൾ ചെലവഴിച്ചുതുടങ്ങും. കുടുംബബന്ധങ്ങൾ മുരടിച്ചു തുടങ്ങിയാൽ സാമൂഹ്യബന്ധങ്ങളുടെ വേരും മുറിഞ്ഞുപോകും. ഇത്തരം പരിസരങ്ങളെ എങ്ങനെ നമുക്ക് സ്നേഹത്തിന്റെ ചൂടും പ്രകാശവുമുള്ളതാക്കി മാറ്റാനാവും എന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം.

### പരിപാലനത്തിന്റെ പ്രാധാന്യവും മൂല്യവും മനസ്സിലാക്കുക

മാതാപിതാക്കളെ സംബന്ധിച്ച് നിർബന്ധ ബാധ്യതകളിൽ പെട്ടതാണ് മക്കളെ നന്നായി പരിപാലിക്കലും മതബോധമുള്ളവരായി വളർത്തലും. മതപരമായ ജീവിതം മാതാപിതാക്കൾ നയിക്കണം. എങ്കിലേ തങ്ങളുടെ ഉത്തരവാദിത്തം ഭംഗിയായും ഫലപ്രദമായും നിർവഹിക്കുവാൻ കഴിയൂ.  ഇക്കാലത്ത് ഏറെ പ്രയാസകരമായ ഒന്നാണ് സന്താന പരിപാലനം. പ്രവിശാലമായ സാങ്കേതിക സൗകര്യങ്ങളുടെ കാലത്ത് തിന്മകളിൽനിന്നും രക്ഷപ്പെട്ട, സംസ്കാരസമ്പന്നനായ ഒരു വ്യക്തിയെ വാർത്തെടുക്കുക എന്നത് അത്ര എളുപ്പമുള്ള ഒന്നല്ല. ഭൗതിക ജീവിതത്തിന്റെ നശ്വരത മക്കളെ ബോധ്യപ്പെടുത്താൻ കഴിയണം. എങ്കിലേ ധാർമികമായ മാറ്റത്തിന് അവർ തയ്യാറാകൂ.

> **വാർധക്യത്തിന്റെ അവശയതയനുഭവിക്കുന്ന, അല്ലെങ്കിൽ രോഗശയ്യയിലായ മാതാപിതാക്കൾക്ക് മക്കളിൽനിന്നു കിട്ടേണ്ട സ്നേഹവും പരിചരണവും കിട്ടുന്നില്ല. സാമ്പത്തിക ശേഷിയുള്ളവരാണെങ്കിൽ ആ ഉത്തരവാദിത്തം ഹോം നഴ്സിനെ ഏൽപിച്ച് രക്ഷപ്പെടുന്നു. ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങളുടെ മൂലകാരണം മാതാപിതാക്കൾ തന്നെയാണ്; മക്കൾ അതിന്റെ ഇരകളും. പിതാവ് തന്റേതായ തിരക്കുകൾക്കൊണ്ട് നിരുത്തരവാദിത്തത്തോടെ കുടുംബത്തെ സമീപിക്കുമ്പോൾ പ്രശ്നങ്ങൾ താനേ മുളച്ചുപൊന്തും.**

### ഉത്തരവാദിത്തം മറക്കരുത്

മക്കളുടെ ഭാവി സുരക്ഷിതമാക്കാൻ വേണ്ടി സമ്പാദിക്കുന്നു, അതിനായി ജീവിതം തന്നെ മാറ്റിവെക്കുന്നു; എന്നാൽ മക്കളെ എങ്ങനെ വളർത്തണമെന്നതു മറന്നുപോകുന്നു! അങ്ങനെയുള്ള മാതാപിതാക്കളാകരുത്. പഠിക്കുമ്പോഴും അധ്വാനത്തിന്റെ പ്രയാസവും ഉപജീവനമാർഗം തേടേണ്ടതിന്റെ അവശ്യകതയും അവരറിയണം. തങ്ങളുടെ ഭാവി സുരക്ഷിതമാക്കി ശക്തരായി മുന്നോട്ടുപോകാനുള്ള ഊർജവും അറിവുമാണ് മാതാപിതാക്കൾ മക്കൾക്കു പകർന്നു നൽകേണ്ടത്.

സന്താന പരിപാലനത്തിൽ മാതാവിനാണ് വലിയ പങ്കുള്ളത്. കാരണം ദിവസത്തിൽ കൂടുതൽ സമയവും മക്കൾ മാതാവിനൊപ്പമായിരിക്കും. ജീവിതത്തിൽ തങ്ങൾ പഠിച്ച പൊരുളും നന്മയുടെ പാഠങ്ങളും ഉമ്മമാർ മക്കൾക്കു പകർന്നു നൽകണം.

### കൂടിയിരിക്കലിന്റെ മധുരം അറിയുക

മാതാപിതാക്കൾ കുട്ടികളുടെ ഇഷ്ടങ്ങൾ കണ്ടറിയണം. അവരുമായി ഒന്നിച്ചിരിക്കാൻ പ്രത്യേകം സമയം കണ്ടെത്തണം. വല്ലപ്പോഴുമൊക്കെ എന്തെങ്കിലും നല്ല കാര്യം ചെയ്തതിന്റെ പേരിലോ പഠന മികവിന്റെ പേരിലോ സമ്മാനം നൽകുക. മക്കളുടെ സാന്നിധ്യത്തിൽ മാതാപിതാക്കൾ

പരസ്പരം സ്നേഹ
സംഭാഷണങ്ങൾ നടത്തുക.
മക്കൾക്കിടയിൽ വേർതിരിവു
കാണിക്കാതിരിക്കുക.
കുടുംബത്തിന്റെ സാമ്പ
ത്തിക സ്ഥിതി മക്കളും
മനസ്സിലാക്കണം.
മാതാപിതാക്കൾ മക്കളോട്
എന്തു കൽപിക്കുമ്പോഴും
അതു സ്വജീവിതത്തിൽ
പകർത്താൻ ശ്രദ്ധിക്കുക.
അങ്ങനെ അവർക്കു മുന്നിൽ
പ്രായോഗിക മാതൃകകളായി
മാറുക. അത്യാവശ്യത്തിനും
കുറഞ്ഞ സമയത്തുമല്ലാതെ
കുട്ടികളുടെ സാന്നിധ്യത്തിൽ
ഫോൺ ഉപയോഗിക്കരുത്.
കുട്ടികളെ ഒന്നിച്ചിരുത്തി
ഖുർആൻ പാരായണം
ചെയ്യിക്കുക.

വീട്ടിലെ എല്ലാ അംഗങ്ങളും
ഒരുമിച്ച് വല്ലപ്പോഴുമൊക്കെ
യാത്ര പോകുന്നതു
നല്ലതാണ്. കുട്ടികളെ ഒരുപാട്
നന്മകളും മര്യാദകളും
പഠിപ്പിച്ചുകൊടുക്കാൻ
അതിലൂടെ സാധിക്കും.
കായികക്ഷമത വർധിപ്പി
ക്കാനുള്ള അവസരങ്ങൾ
കുട്ടികൾക്കു നൽകണം.
മദ്റസാപഠനം കഴിഞ്ഞാലും
ഖുർആനും ഹദീസും
കർമശാസ്ത്രവുമെല്ലാം
ആർജിക്കാനുള്ള
അവസരം കുട്ടികൾക്ക്
ഒരുക്കിക്കൊടുക്കണം.
സർവോപരി മക്കളോട്
സ്നേഹത്തോടെയും
വാത്സല്യത്തോടെയും
പെരുമാറുക.
മാതാപിതാക്കളും മക്കളും
തമ്മിലുള്ള ബന്ധം കൂടുതൽ
ഊഷ്മളമാകുമ്പോഴാണ്
കൂടുമ്പോൾ ഇമ്പമുള്ള
കുടുംബമുണ്ടാവുക..

■





# ത്രിവർണം

സീനത്ത് അലി, എടത്തനാട്ടുകര

ചിന്തകളിലെ
തീയണയ്ക്കുന്നതിനു മുമ്പ്
പൊരുതുന്ന നെഞ്ചിനെ
വെടിയുണ്ടകൾ കൊണ്ട്
നിശ്ശബ്ദമാക്കുന്നതിനു മുമ്പ്
ഒരു നാടിന്റെ ഭൂപടം വലിച്ചുകീറി
മൂടുപടമണിയുന്നതിന് മുമ്പ്
രാജാവേ...
നിന്റെ കറപുരണ്ട
ശുഭ്ര വസ്ത്രം ഊരിയെറിയുക
കിരീടവും ചെങ്കോലും
മാറ്റിവച്ച് പുറത്തേക്കൊന്നു
നോക്കുക.
രാജപാതയ്ക്കു പുറത്ത്
തോളോടുതോൾ
ചേർന്ന് പൊരുതുന്നത്
ഇനിയും പിന്നിപ്പോകാത്ത
ഒരു രാജ്യത്തിന്റെ
മതേതരത്വമാണ്,
ഒറ്റ നിറത്തിൽ
പൊലിഞ്ഞു പോകാത്ത
ത്രിവർണ സ്വപ്നങ്ങളാണ്.

■

# സൂറ: അശ്ശുഅറാഅ് കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

مَـا أَنـتَ إِلَّا بَـشَرٌ مِّثْلُنَـا فَـأْتِ بِآيَـةٍ إِن كُـنـتَ مِـنَ الصَّادِقِـينَ ﴿١٥٤﴾

154. നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ടുവരൂ.

*154) (നീ ഞങ്ങളെ പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്) താങ്കളെ അനുഗമിക്കണമെന്ന് ഞങ്ങളോട് പറയാൻ മാത്രം താങ്കൾക്ക് ഞങ്ങളെക്കാൾ എന്തു മഹത്വമാണുള്ളത്? (നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ടുവരൂ) ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹം കൊണ്ടുവന്നതിന്റെ സത്യത തെളിയിക്കുന്ന ഏറ്റവും വലിയ ദൃഷ്ടാന്തമുണ്ടായിരുന്നു. എന്നാലും അവരുടെ ഹൃദയകാഠിന്യം മൂലം അവർ പ്രത്യേക ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവർ അതിൽനിന്ന് പ്രയോജനം എടുക്കാനല്ല, അവരുടെ വാശിമൂലമാണ് അവർ ആവശ്യപ്പെടുന്നത്. അതിനാൽ ഒരിക്കലും അതിൽനിന്ന് അവർ സന്മാർഗത്തിലേക്കെത്തുന്നില്ല.*

---

قَـالَ هَـٰذِهِ نَاقَـةٌ لَّهَـا شِرْبٌ وَلَـكُـمْ شِرْبُ يَـوْمٍ مَّعْلُـومٍ ﴿١٥٥﴾

155. അദ്ദേഹം പറഞ്ഞു: ഇതാ ഒരു ഒട്ടകം. അതിന്ന് വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട്. നിങ്ങൾക്കും ഒരു ഊഴമുണ്ട്; ഒരു നിശ്ചിത ദിവസത്തിൽ.

*155). അപ്പോൾ സാലിഹ് നബി(അ) പറഞ്ഞു: (ഇതാ ഒരു ഒട്ടകം) ഉറച്ചതും മിനുസമുള്ളതുമായ പാറയിൽനിന്ന് പുറത്തുവരുന്ന ഒരു ഒട്ടകം. നാം ഇതു പറയുന്നത് ധാരാളം ക്വുർആൻ വ്യാഖ്യാതാക്കളെ പിന്തുടർന്നാണ്. അതിൽ തെറ്റില്ല-നിങ്ങളെല്ലാം ആ ഒട്ടകത്തെ നേരിൽ കണ്ടു- (അതിനു വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട്. ഒരു നിശ്ചിത ദിവസത്തിൽ നിങ്ങൾക്കും ഒരു ഊഴമുണ്ട്) അതായത് ആ ഒട്ടകം ഒരുദിവസം ആ കിണറ്റിൽനിന്നു വെള്ളം കുടിക്കും. നിങ്ങൾ അതിന്റെ പാൽ കുടിക്കും. അടുത്ത ദിവസം അതു പോകും. നിങ്ങൾക്ക് കിണറ്റിൽനിന്നു കുടിക്കാം.*

---

وَلَا تَمَسُّـوهَا بِسُـوءٍ فَيَأْخُذَكُـمْ عَـذَابُ يَـوْمٍ عَظِيـمٍ ﴿١٥٦﴾

156. നിങ്ങൾ അതിന് യാതൊരു ദ്രോഹവും ഏൽപിക്കരുത്. (അങ്ങനെ ചെയ്യുന്നപക്ഷം) ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടും.

*156) (നിങ്ങൾ അതിനെ യാതൊരു ദ്രോഹവും ഏൽപിക്കരുത്) അറുക്കുകയോ മറ്റെന്തെങ്കിലും ദ്രോഹം ചെയ്യുകയോ ചെയ്യരുത് (അങ്ങനെ ചെയ്യുന്നപക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടും). ഒട്ടകം പുറത്തുവന്നു. ആ അവസ്ഥയിൽ അത് അവരോടൊപ്പം താമസിച്ചു. പക്ഷേ, അവർ വിശ്വസിച്ചില്ല. അവർ അവരുടെ അതിക്രമം തുടർന്നു.*

فَعَقَرُوهَا فَأَصْبَحُوا نَادِمِينَ ﴿١٥٧﴾

157. എന്നാൽ അവർ അതിനെ വെട്ടിക്കൊന്നു. അങ്ങനെ അവർ ഖേദക്കാരായിത്തീർന്നു.

فَأَخَذَهُمُ الْعَذَابُ ۗ إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٥٨﴾

158. ഉടനെ ശിക്ഷ അവരെ പിടികൂടി. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٥٩﴾

159. തീർച്ചയായും നിന്റെ രക്ഷിതാവു തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും.

*157-159) (എന്നാൽ അവർ അതിനെ വെട്ടിക്കൊന്നു. അങ്ങനെ അവർ ഖേദക്കാരായിത്തീർന്നു. അങ്ങനെ ശിക്ഷ അവരെ പിടികൂടി) ആ ഘോര ശബ്ദം അവർക്കു നേരെയുണ്ടായി. അത് അവരെ എല്ലാവരെയും നശിപ്പിക്കുകയും ചെയ്തു. (തീർച്ചയായും അതിൽ മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമുണ്ട്) നമ്മുടെ ദൂതന്മാർ കൊണ്ടുവന്നത് സത്യമാണെന്നതിന്; അവരോടു വിയോജിച്ചവർ അസത്യത്തിലാണെന്നും. (എന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്നവരായില്ല) തീർച്ചയായും നിന്റെ രക്ഷിതാവുതന്നെയാകുന്നു പ്രതാപിയും കരുണ ചൊരിയുന്നവനും.*

---

كَذَّبَتْ قَوْمُ لُوطٍ الْمُرْسَلِينَ ﴿١٦٠﴾

160. ലൂത്വിന്റെ ജനത ദൈവദൂതൻമാരെ നിഷേധിച്ചു തള്ളി.

إِذْ قَالَ لَهُمْ أَخُوهُمْ لُوطٌ أَلَا تَتَّقُونَ ﴿١٦١﴾

161. അവരുടെ സഹോദരൻ ലൂത് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?

إِنِّي لَكُمْ رَسُولٌ أَمِينٌ ﴿١٦٢﴾

162. തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു.

فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٦٣﴾

163. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

وَمَا أَسْأَلُكُمْ عَلَيْهِ مِنْ أَجْرٍ ۖ إِنْ أَجْرِيَ إِلَّا عَلَىٰ رَبِّ الْعَالَمِينَ ﴿١٦٤﴾

164. ഇതിന്റെ പേരിൽ നിങ്ങളോടു ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽനിന്നു മാത്രമാകുന്നു.

أَتَأْتُونَ الذُّكْرَانَ مِنَ الْعَالَمِينَ ﴿١٦٥﴾

165. നിങ്ങൾ ലോകരിൽനിന്ന് ആണുങ്ങളുടെ അടുക്കൽ ചെല്ലുകയാണോ?

وَتَذَرُونَ مَا خَلَقَ لَكُمْ رَبُّكُم مِّنْ أَزْوَاجِكُم ۚ بَلْ أَنتُمْ قَوْمٌ عَادُونَ ﴿١٦٦﴾

166. നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ചുതന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ.

قَالُوا لَئِن لَّمْ تَنتَهِ يَا لُوطُ لَتَكُونَنَّ مِنَ الْمُخْرَجِينَ ﴿١٦٧﴾

167. അവർ പറഞ്ഞു: ലൂത്വേ, നീ (ഇതിൽനിന്ന്) വിരമിച്ചില്ലെങ്കിൽ തീർച്ചയായും നീ (നാട്ടിൽ നിന്ന്) പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.

*160-167) ലൂത്(അ) തന്റെ ജനതയോട് സംസാരിച്ചപ്പോൾ തങ്ങൾക്കു മുമ്പുള്ളവർ പറഞ്ഞതുപോലെ തന്നെയാണ് അവരും പറഞ്ഞത്. അവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു മാനസികാവസ്ഥയായിരുന്നു അവർക്ക്. അതിനാൽ അവർ പറഞ്ഞത് ഒന്നായിരുന്നു.*

*ബഹുദൈവാരാധനക്കു പുറമെ മറ്റൊരു പ്രധാന അധാർമികതയും അവർ ചെയ്തുകൊണ്ടിരുന്നു. അവർ പുരുഷന്മാരുമായുള്ള ലൈംഗിക വേഴ്ച്ചക്കു മുൻഗണന നൽകി. അതു വൃത്തികെട്ടതും വെറുപ്പുളവാക്കുന്നതുമാണ്. അവരുടെ കാമവും അതിക്രമവും കാരണം അവർക്കു വേണ്ടി സൃഷ്ടിച്ച ഭാര്യമാരെ അവർ അവഗണിച്ചു. ഈ വിഷയത്തിൽ ലൂത്(അ) അവരെ തടഞ്ഞുകൊണ്ടിരുന്നു. അവസാനം അവർ അദ്ദേഹത്തോടു പറഞ്ഞു: (ലൂത്വേ, നീ വിരമിച്ചില്ലെങ്കിൽ തീർച്ചയായും നീ പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും).*

# വായിച്ചു വളരാം

ജമീല ചങ്ങരംകുളം



അറിവുകൾ വിരിയും പൂന്തോട്ടത്തിലെ
തേനീച്ചകളായ് മാറീടാം,
തേൻനുകരും പോൽ അറിവു നമുക്ക്
ഒന്നൊന്നായി നുകർന്നീടാം.

പുസ്തകമെന്നത് അറിവിന്നുറവാം
അതിന്റെ കൂടെ കൂടീടാം,
ശാശ്വത സ്വർഗം നേടിയെടുക്കാൻ
ദീനിന്നറിവുകൾ നേടീടാം.

ഖുർആനും തിരുനബിയുടെ ചര്യകൾ
പഠിച്ചു നമുക്ക് മുന്നേറാം,
ഉത്തമമാം ഗുണമൊത്തൊരുമിക്കും
വിശ്വാസികളായ് മാറീടാം.

അറിവിൻ വെള്ളിവെളിച്ചം കാട്ടും
നമ്മുടെ ഗുരുനാഥൻമാർ,
നമുക്ക് ബഹുമാനിക്കാം അവരെ,
അനുസരിക്കാൻ ശീലിക്കാം.

സ്നേഹത്തിൻ നിറകുടമാം ഉപ്പയും
ഉമ്മയുമെന്നത് ഓർക്കേണേ,
നമുക്കുവേണ്ടി രാവും പകലും
കഷ്ടപ്പെടുമവർ ഇരുപേരും.

അറിവത് വർധിക്കുമ്പോൾ നമ്മൾ
വിനയാന്വിതരായ് മാറേണം,
അഹന്ത കാണിക്കാതെ റബ്ബിൻ
കൽപന കേട്ടു നടക്കേണം.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 29 August 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

To the **Right Goal**
Through the **Right Path**

wisdomstudents

30th

WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



2026
## SEPTEMBER
11 12 13

## PALAKKAD

WISDOM students
KERALA STATE COMMITTEE
CV COMPLEX, PV SWAMI ROAD - CALICUT